2024 SEPTEMBER
03
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper






## പ്രധാനമന്ത്രിയുടെ സിംഗപ്പൂർ, ബ്രൂണയ് സന്ദർശനം ഇന്ന്

**ന്യൂഡൽഹി:** സിംഗപ്പൂർ, ബ്രൂണയ് സന്ദർശിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ചൊവ്വാഴ്ച യാത്ര തിരിക്കും. ഇന്നുമുതൽ അഞ്ച് വരെയാണ് സന്ദർശനം. ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബ്രൂണയ് സന്ദർശിക്കുന്നത്.

ബ്രൂണയ് സുൽത്താൻ ഹാജി ഹസനൽ ബോൾകിയയുടെ ക്ഷണപ്രകാരമാണ് സന്ദർശനം. ഇന്ത്യബ്രൂണയ് തമ്മിലുള്ള നയതന്ത്രബന്ധം തുടങ്ങിയിട്ട് 40 വർഷം തികയുന്ന പശ്ചാത്തലത്തിൽ കൂടിയാണ് മോദിയുടെ സന്ദർശനം. നിലവിലുള്ള എല്ലാ മേഖലകളിലും ഉഭയകക്ഷി സഹകരണം കൂടുതൽ ശക്തിപ്പെടുത്താൻ സന്ദർശനം ഉതകുമെന്നാണ് വിദഗ്ധർ വിലയിരുത്തുന്നത്.

ആറ് വർഷത്തിനുശേഷം സിംഗപ്പൂർ സന്ദർശിക്കുന്ന പ്രധാനമന്ത്രി പ്രസിഡൻറ് തർമൻ ഷൺമുഖരത്നം, പ്രധാനമന്ത്രി ലോറൻസ് വോംഗ്, മുതിർന്ന മന്ത്രി ലീ സിയാൻ ലൂംഗ്, എമിരിറ്റസ് സീനിയർ മന്ത്രി ഗോ ചോക് ടോംഗ് എന്നിവരുമായി ചർച്ച നടത്തും.

ആരോഗ്യം, നൈപുണ്യ ശേഷി, ഡിജിറ്റൽ ഉൾപ്പെടെയുള്ള മേഖലകളിൽ കൈകോർക്കാനുള്ള പദ്ധതികൾക്ക് ധാരണയുണ്ടായേക്കും. കേന്ദ്രമന്ത്രിമാരായ നിർമല സീതാരാമൻ, എസ്. ജയശങ്കർ, പീയൂഷ് ഗോയൽ, അശ്വിനി വൈഷ്ണവ് എന്നിവരുടെ മന്ത്രിതല സംഘം കഴിഞ്ഞയാഴ്ച സിംഗപ്പൂരിലെത്തി ചർച്ചകൾ നടത്തിയിരുന്നു.

## തമിഴ്നാടിന്റെ എതിർപ്പ് തള്ളി

# മുല്ലപ്പെരിയാറിൽ 12 മാസത്തിനുള്ളിൽ സമഗ്രസുരക്ഷാ പരിശോധന

**തിരുവനന്തപുരം:** മുല്ലപ്പെരിയാർ അണക്കെട്ട് വിഷയത്തിൽ കേരളത്തിന് നേട്ടം. ഡാമിൽ സമഗ്രമായ സുരക്ഷാപരിശോധന നടത്തണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്ര ജല കമ്മിഷൻ അംഗീകരിച്ചു. സുരക്ഷാ പരിശോധന നടത്തിയിട്ടുമതി അറ്റകുറ്റപ്പണിയെന്ന ശക്തമായ നിലപാടാണ് കേരളം മുല്ലപ്പെരിയാർ മേൽനോട്ട സമിതി യോഗത്തിൽ എടുത്തത്. അണക്കെട്ടിൽ ആദ്യം അറ്റകുറ്റപ്പണി നടത്തണമെന്ന തമിഴ്നാടിന്റെ ആവശ്യം അംഗീകരിക്കാനാവില്ലെന്നും കേരളം വ്യക്തമാക്കി. കേരളം നിരന്തരമായി ആവശ്യപ്പെട്ടു കൊണ്ടിരുന്ന വിശദമായ അണക്കെട്ട് സുരക്ഷാപരിശോധന 12 മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ തീരുമാനമെടുത്തു. സുപ്രീം കോടതി നിയോഗിച്ച എംപവേർഡ് കമ്മിറ്റി 2011ലാണ് ഇതിന് മുമ്പ് ഇങ്ങനെ ഒരു വിശദ പരിശോധന നടത്തിയത്. സ്വതന്ത്ര വിദഗ്ധൻമാർ ഉൾപ്പെടുന്ന സമിതി കേരളം കൂടി നിർദ്ദേശിക്കുന്ന അജൻഡ കൂടി ഉൾപ്പെടുത്തി അണക്കെട്ടിന്റെ ഘടനാപരമായ സുരക്ഷ, ഭൂകമ്പ പ്രതിരോധ സുരക്ഷ, പ്രളയ സുരക്ഷ, ഓപ്പറേഷണൽ സുരക്ഷ എന്നിവ പരിശോധിക്കും.



പത്തുവർഷത്തിലൊരിക്കൽ രാജ്യത്തെ പ്രധാന ഡാമുകളിൽ സുരക്ഷാപരിശോധന ആവശ്യമാണെന്നാണ് കേന്ദ്ര ജലകമ്മിഷന്റെ സുരക്ഷാപുസ്തകത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. 2011ലാണ് മുല്ലപ്പെരിയാർ അണക്കെട്ടിൽ അവസാനമായി സമഗ്ര സുരക്ഷാപരിശോധന നടന്നത്. അണക്കെട്ടിൽ അറ്റകുറ്റപ്പണിക്ക് സുപ്രീം കോടതി തമിഴ്നാടിന് 2014ൽ നിർദേശം നൽകിയിരുന്നു. ഇതിന്റെ ചുവടുപിടിച്ചാണ് മേൽനോട്ടസമിതിയുടെ അംഗീകാരത്തോടെ അറ്റകുറ്റപ്പണിക്കായി തമിഴ്നാട് നീക്കം നടത്തിയത്. അതേസമയം, കേരളത്തിന്റെ ആശങ്കകൾ കണക്കിലെടുത്ത് അണക്കെട്ടിൽ സമഗ്ര സുരക്ഷാ പരിശോധന ആവശ്യമാണെന്ന് ഡോ. ജോ ജോസഫ് നൽകിയ പൊതുതാത്പര്യഹർജിയിൽ 2022 ഫെബ്രുവരിയിൽ സുപ്രീം കോടതി വിധിച്ചിരുന്നു. എന്നാൽ അണക്കെട്ടിൽ ആദ്യം അറ്റകുറ്റപ്പണി നടക്കട്ടെ അതിനു ശേഷം സമഗ്ര സുരക്ഷാപരിശോധന എന്നതായിരുന്നു തമിഴ്നാട് നിലപാട്.

## ആന്ധ്രയിലും തെലങ്കാനയിലും കനത്ത മഴ, വെള്ളപ്പൊക്കം; 27 മരണം; കേരളത്തിൽനിന്നുള്ള ട്രെയിനുകളടക്കം റദ്ദാക്കി

**ഹൈദരാബാദ്:** ആന്ധ്രാപ്രദേശ്, തെലങ്കാന സംസ്ഥാനങ്ങളിൽ മഴക്കെടുതിയിൽ 27 മരണം. തെലങ്കാനയിൽ 15 പേർ മരിച്ചതായി റവന്യൂ മന്ത്രി പൊങ്കുലേട്ടി ശ്രീനിവാസ് റെഡ്ഡി പറഞ്ഞു. ആന്ധ്രാപ്രദേശിൽ ശനിയാഴ്ച മുതൽ തുടരുന്ന മഴക്കെടുതിയിൽ 12 മരിച്ചു. കനത്ത മഴയിൽ വിവിധ പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. ഇരു സംസ്ഥാനങ്ങളിലെയും നദികൾ കരകവിഞ്ഞൊഴുകുകയാണ്.

ദേശീയസംസ്ഥാന ദുരന്തനിവാരണ സേനകൾ ആയിരക്കണക്കിന് ആളുകളെ വെള്ളപ്പൊക്ക പ്രദേശങ്ങളിൽ നിന്ന് ദുരിതാശ്വാസ ക്യാംപുകളിലേക്കു മാറ്റിപ്പാർപ്പിച്ചു. റെയിൽ, റോഡ് ഗതാഗതവും താറുമാറായി. ഇതുവരെ നൂറിലധികം ട്രെയിനുകൾ റദ്ദാക്കി. കൊച്ചുവേളി, കോർബ എക്സ്പ്രസ്, ബിലാസ്പുർ, എറണാകുളം എക്സ്പ്രസ്, ബുധനാഴ്ച പുറപ്പെടേണ്ട എറണാകുളം, ബിലാസ്പുർ എക്സ്പ്രസ് എന്നിവയും റദ്ദാക്കിയവയിൽ ഉൾപ്പെടുന്നു. ആന്ധ്രാപ്രദേശ്, തെലങ്കാന എന്നിവിടങ്ങളിൽകൂടി കന്നുപോകുന്ന ദക്ഷിണ സെൻട്രൽ റെയിൽവേയുടെ നിരവധി ട്രെയിനുകൾ വഴിതിരിച്ചുവിട്ടു.



കനത്ത മഴയിൽ നഗരത്തിന്റെ പല ഭാഗങ്ങളിലും വെള്ളക്കെട്ട് രൂപപ്പെട്ടതോടെ ഹൈദരാബാദിൽ സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചു. തെലങ്കാനയിലെ അദിലാബാദ്, നിസാമാബാദ്, രാജന്ന സിർസില്ല, യാദാദ്രി ഭുവൻഗിരി, വികാരാബാദ്, സംഗറെഡ്ഡി, കാമറെഡ്ഡി, മഹബൂബ് നഗർ ജില്ലകളിൽ മുഖ്യമന്ത്രി രേവന്ത് റെഡ്ഡിയുടെ അധ്യക്ഷതയിൽ അടിയന്തര അവലോകന യോഗം ചേർന്നു. ഉദ്യോഗസ്ഥരോട് ജാഗ്രത പാലിക്കാനും പ്രളയബാധിത പ്രദേശങ്ങളിൽ അടിയന്തര സഹായത്തിന് നടപടി സ്വീകരിക്കാനും നിർദേശം നൽകി. അടിയന്തര ആവശ്യങ്ങൾക്കു മാത്രമേ വീടുകളിൽ നിന്ന് പുറത്തിറങ്ങാവൂ എന്നും മുഖ്യമന്ത്രി ജനങ്ങളോട് അഭ്യർത്ഥിച്ചു.

ആന്ധ്രാപ്രദേശിൽ ഏറ്റവും കൂടുതൽ നാശം വിതച്ച വിജയവാഡ ജില്ലയിൽ, ബുഡമേരു നദി ഞായറാഴ്ച കരകവിഞ്ഞൊഴുകിയതോടെ പല നഗര പ്രദേശങ്ങളും വെള്ളത്തിനടിയിലായി. ശ്രീകാകുളം, വിജയനഗരം, പാർവതിപുരം മന്യം, അല്ലൂരി സീതാരാമ രാജു, കാക്കിനട, നന്ദ്യാല ജില്ലകളിൽ ബുധനാഴ്ച ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ് നൽകി.



സൊസൈറ്റി ടുഡേ
SOCIETY TODAY

# മലയാളികൾക്ക് തൊഴിൽ കിട്ടുന്ന സംരംഭങ്ങൾക്കാണ് സർക്കാർ മുൻഗണന; പി രാജീവ്

**കൊച്ചി:** മലയാളികൾക്ക് തൊഴിൽ ലഭിക്കുന്ന സംരംഭങ്ങൾക്കാണ് സംസ്ഥാന സർക്കാർ മുൻഗണന നൽകുന്നതെന്ന് വ്യവസായനിയമകയർ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. കെഎസ്ഐഡിസി കൊച്ചിയിൽ സംഘടിപ്പിച്ച ഭക്ഷ്യസംസ്കരണസാങ്കേതിക മേഖലയ്ക്കായുള്ള കേരള ഫുഡ്ടെക് കോൺക്ലേവ് 2024 ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.വൻകിട ഉത്പാദന വ്യവസായത്തിൽ കേരളത്തിന് അവസരങ്ങൾ ഇല്ലെന്ന യാഥാർത്ഥ്യം അംഗീകരിച്ചു കൊണ്ടാണ് സർക്കാർ മുന്നോട്ടു പോകുന്നതെന്ന് പി രാജീവ് പറഞ്ഞു. നമ്മുടെ നാട്ടുകാർക്ക് പരമാവധി തൊഴിലവസരം നൽകുകയെന്നതാണ് സർക്കാരിൻറെ മുൻഗണന. അതിനാൽ തന്നെയാണ് ഭക്ഷ്യസംസ്കരണസാങ്കേതിക മേഖലയിൽ എംഎസ്എംഇകളെ പരമാവധി പ്രോത്സാഹിപ്പിക്കുന്നത്.ഉത്തരവാദിത്ത നിക്ഷേപം, ഉത്തരവാദിത്ത വ്യവസായമന്നതാണ് സർക്കാരിൻറെ നയം. സംരംഭകരുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും അടിസ്ഥാനമാക്കി മുന്നോട്ടുപോകുന്ന രീതിയിലേക്ക് വ്യവസായവകുപ്പ് സ്വയം പരിവർത്തനം ചെയ്തു. വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായവകുപ്പ് നിരവധി പദ്ധതികളും ചട്ടഭേദഗതികളും കൊണ്ടു വന്നിട്ടുണ്ട്. ഇതെക്കുറിച്ച് സംരംഭകർക്കിടയിൽ അവബോധം ഉണ്ടാകണം.

എംഎസ്എംഇ ഇൻഷുറൻസ് പദ്ധതി സർക്കാർ ആവിഷ്കരിച്ചിരുന്നു. ഏത് ഇൻഷുറൻസ് കമ്പനിയിൽ നിന്നും സംരംഭങ്ങൾക്ക് പദ്ധതിയിൽ ചേരാം. പ്രീമിയത്തിൻറെ പകുതി സർക്കാർ അടയ്ക്കുന്ന വിധത്തിലാണ് ഇതിൻറെ സംവിധാനമെന്നും അദ്ദേഹം പറഞ്ഞു.വ്യവസായങ്ങൾക്ക ആവശ്യമായ നൈപുണ്യ ശേഷിയുള്ള തൊഴിലാളികളാണ് ഇന്ന് ആവശ്യം. അതിനു വേണ്ടിയാണ് കാമ്പസ് വ്യവസായപാർക്കുകൾ ആരംഭിക്കാൻ പോകുന്നത്. ഇതിനു പുറമെ 27 സ്വകാര്യ വ്യവസായപാർക്കുകൾക്കും അനുമതി നൽകിയിട്ടുണ്ട്. സംരംഭക വർഷം പദ്ധതി പ്രകാരം 2,75,000 സംരംഭങ്ങളാണ് തുടങ്ങിയതെന്നും മന്ത്രി ചൂണ്ടിക്കാട്ടി.നിക്ഷേപക സംഗമങ്ങളുടെ ഫലപ്രാപ്തിയെക്കുറിച്ച് ഗൗരവമായാണ് സർക്കാർ കാണുന്നത്. ഫെബ്രുവരിയിൽ നടക്കുന്ന




നിക്ഷേപക സംഗമം കോടികളുടെ സ്ഥിതിവിവരക്കണക്കുകളേക്കാൾ പദ്ധതികൾ നടപ്പാക്കുമെന്നതിൻറെ ഉറപ്പായിരിക്കുമെന്നും മന്ത്രി പറഞ്ഞു.സൂക്ഷ്മ ഭക്ഷ്യസംസ്കര യൂണിറ്റുകളുടെ കാര്യത്തിൽ കേന്ദ്രസർക്കാർ നൽകിയ ലക്ഷ്യത്തിനപ്പുറത്തേക്ക് കേരളം പോയിട്ടുണ്ടെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. 2500 യൂണിറ്റുകളെന്നതിനപ്പുറം 2548 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.ഗുണമേന്മയാണ് ഭക്ഷ്യസംസ്കരണ സംരംഭങ്ങൾ ഏറെ ശ്രദ്ധിക്കേണ്ടതെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് പറഞ്ഞു. പ്രവാസികൾ വഴി ഏറ്റവുമധികം നിക്ഷേപ സാധ്യതയുള്ള മേഖലയാണിത്. സംരംഭങ്ങൾ തുടങ്ങാനും പ്രവാസികൾക്ക് മികച്ച അവസരമാണെന്നും അദ്ദേഹം പറഞ്ഞു. എംഎസ്എംഇകൾക്ക് നൽകുന്ന വിവിധ പദ്ധതികളെക്കുറിച്ചും സഹായങ്ങളെക്കുറിച്ചും കെഎസ്ഐഡിസി എംഡിയും വ്യവസായവകുപ്പ് ഡയറക്ടറുമായ എസ് ഹരികിഷോർ സ്വാഗത പ്രസംഗത്തിൽ വിശദീകരിച്ചു. കെഎസ്ഐഡിസി ചെയർമാൻ പോൾ ആൻറണി, എക്സിക്യൂട്ടീവ് ഡയറക്ടർ ആർ ഹരികൃഷ്ണൻ എംപിഇഡിഎ വൈസ് ചെയർമാനും ബേബി മറൈൻ ഇൻറർനാഷണൽ മാനേജിംഗ് പാർട്ണറുമായ അലക്സ് കെ നൈനാൻ തുടങ്ങിയർ സംസാരിച്ചു.ഭക്ഷ്യസംസ്കരണത്തിലെ സുസ്ഥിര ശീലങ്ങളും നൂതനത്വവും എന്ന വിഷയത്തിൽ പാനൽ ചർച്ചയും നടന്നു. ഏറ്റവുമധികം നൂതനത്വത്തിന് സാധ്യതയുള്ള മേഖലയാണ് ഭക്ഷ്യസംസ്ക്കരണമെന്ന് ചർച്ചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. സിഎഫ്ആർഎ ഡീൻ ഡോ. കോമൾ ചൗഹാൻ, വെള്ളാനിക്കര കൗൺസിൽ ഓഫ് അഗ്രികൾച്ചർ പ്രൊഫസർ ഡോ. കെ പി സുധീർ, നീറ്റ ജെലാറ്റിൻ ഗവേഷണ വിഭാഗം മേധാവി ഡോ. അഭിലാഷ് പി കൈലാസ്, നാഷണൽ സ്മാൾ ഇൻഡസ്ട്രി കോർപറേഷൻ ലിമിറ്റഡ് കേരള ഹെഡ് ഗ്രേസ് റെജി എന്നിവർ ചർച്ചയിൽ പങ്കെടുത്തു.കെഎസ്ഐഡിസി ജനറൽ മാനേജർ വർഗീസ് മാളക്കാരൻ നന്ദി അറിയിച്ചു.



# നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ ഭക്ഷ്യമേഖലയിൽ വലിയമാറ്റം സൃഷ്ടിക്കാനാകും: മന്ത്രി

**കൊച്ചി:** പരമ്പരാഗത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനൊപ്പം വൈവിധ്യമാർന്ന നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലൂടെ ഭക്ഷ്യമേഖലയിൽ വലിയ മാറ്റം സൃഷ്ടിക്കാനാകുമെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. എറണാകുളം ടൗൺ ഹാളിൽ നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ലോക നാളികേര ദിനാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു രാജീവ് .നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് ഇന്ന് വൻഡിമാന്റാണ് വിപണിയിൽ ഉള്ളത്. നാറ്റാ ഡി കൊക്കോ, നാളികേര ചിപ്സ് തുടങ്ങിയ ഉൽപ്പന്നങ്ങളുടെ കടന്നുവരവ് ഇതിനെ സൂചിപ്പിക്കുന്നു. ഇത്തരം ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ഇനിയും ധാരാളം ചെറുകിട സംരംഭങ്ങൾ ആരംഭിക്കേണ്ടതുണ്ട്. അതിനായി സംസ്ഥാന സർക്കാരിന്റെ പദ്ധതികളും നാളികേര വികസന ബോർഡിന്റെ പദ്ധതികളും സമന്വയിപ്പിച്ച് കർഷകർക്കും, സംരംഭകർക്കും പ്രയോജനപ്രദമാകും വിധം പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളിയായ രോഗ കീടാക്രമണവും അതിനെ പ്രതിരോധിക്കുന്നതിനുള്ള സംരംക്ഷണ മാർഗ്ഗങ്ങളും, നാളികേര വികസന ബോർഡും കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് കണ്ടെത്തേണ്ടതുണ്ടെന്നു മന്ത്രി പറഞ്ഞു. ടി. ജെ. വിനോദ് എം.എൽ.എ ആശംസ പ്രസംഗത്തിൽ പറഞ്ഞു. നാളികേര വികസന ബോർഡിന്റെ പദ്ധതികളുടെ ലഘുലേഖയും, കേര ഭാരതി എന്ന ഹിന്ദി പുസ്തകത്തിന്റെ പ്രകാശനവും, ഇതോടനുബന്ധിച്ച് സംഘടിപ്പിച്ച പ്രദർശന മേളയുടെ ഉദ്ഘാടനവും മന്ത്രി പി. രാജീവ് നിർവഹിച്ചു. ഡയറക്ടറേറ്റ് ഓഫ് കാഷ്യൂ ആന്റ് കൊക്കോ ഡെവലപ്പ്മെന്റ്, ഡയറക്ടർ ഡോ. ഫെമിന സന്നിഹിതയായിരുന്നു. നാളികേര വികസന ബോർഡിന്റെ മുഖ്യ നാളികേര വികസന ഓഫീസർ ഡോ. ബി. ഹനുമന്ത ഗൗഡ സ്വാഗതവും, ഡയറക്ടർ ദീപ്തി നായർ കൃതജ്ഞതയും രേഖപ്പെടുത്തി. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള 500 ഓളം പുരോഗമന കർഷകരും, സംരംഭകരും, ഉത്പാദകരും, നാളികേര വികസന ബോർഡ് ഉദ്യോഗസ്ഥർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരും പരിപാടിയിൽ പങ്കെടുത്തു. കർഷകർക്കായി നാളികേര വികസന ബോർഡ് ഉദ്യോഗസ്ഥർ, തെങ്ങ് കൃഷി രീതിയും സസ്യ സംരക്ഷണവും, മൂല്യവർദ്ധനവ്, കയറ്റുമതി, വിപണി പ്രോത്സാഹനം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസ്സുകൾ നയിച്ചു. ഇതോടനുബന്ധിച്ച് കർഷകർക്കായി ക്വിസ് സംഘടിപ്പിച്ചു. വിജയികൾക്ക് മന്ത്രി ഉപാഹാരങ്ങൾ നൽകി. 'സർക്കുലർ സമ്പദ്വ്യവസ്ഥക്കായി കൽപ്പവൃക്ഷത്തിന്റെ മൂല്യം പരമാവധി വർദ്ധിപ്പിക്കാൻ ഉതകുന്ന കൂട്ടായ്മകൾ കെട്ടിപ്പടുക്കാം' എന്നതായിരുന്നു ഈ വർഷത്തെ ലോക നാളികേര ദിനത്തിന്റെ പ്രമേയം.

# ഒന്നര ലക്ഷം വിൽപ്പന പിന്നിട്ട് നിസാൻ മാഗ്നൈറ്റ്

**കൊച്ചി:** നിസാൻ മാഗ്നൈറ്റിന്റെ മൊത്തം വിൽപ്പന ഒന്നര ലക്ഷം എന്ന നാഴികക്കല്ല് പിന്നിട്ടതായി നിസാൻ മോട്ടോർ ഇന്ത്യ പ്രഖ്യാപിച്ചു. ഓഗസ്റ്റിലെ വിൽപ്പനകൂടി പൂർത്തിയായപ്പോഴാണ്, 2020 ഡിസംബറിൽ ലോഞ്ച് ചെയ്ത വാഹനമായ നിസാൻ മാഗ്നൈറ്റ് ഈ നേട്ടം കൈവരിച്ചത്. ഒപ്പം, ഓഗസ്റ്റ് മാസത്തിൽ നിസാൻ 10,624 വാഹനങ്ങളുടെ വില്പനയും സ്വന്തമാക്കി. ഇതിൽ 2,263 വാഹനങ്ങൾ ആഭ്യന്തര വിപണിയിൽ വിറ്റഴിച്ചപ്പോൾ 8,361 വാഹനങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തു.ഈ സാമ്പത്തിക വർഷത്തെ ഏറ്റവും ഉയർന്ന പ്രതിമാസ വില്പനയാണ് ഓഗസ്റ്റിൽ നിസാൻ കൈവരിച്ചത്. കഴിഞ്ഞ അഞ്ചു വർഷത്തിലെ ഏറ്റവും ഉയർന്ന പ്രതിമാസ കയറ്റുമതിയും രേഖപ്പെടുത്തി. ഡീലർമാരോടൊപ്പം നിസാൻ നടത്തിയ സംയുക്ത പരിശ്രമത്തിന്റെ ഫലമാണ് ഈ വളർച്ചയെന്ന് നിസാൻ മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ സൗരഭ് വത്സ പറഞ്ഞു.

# സഫോള ഓട്സ് പുതിയ ഓണം പതിപ്പ് പാക്ക് പുറത്തിറക്കി

**കൊച്ചി** :എഫ്എംസിജി കമ്പനിയായ മാരിക്കോ പുതിയ ഓണം പതിപ്പ് സഫോള ഓട്സ് പാക്ക് പുറത്തിറക്കി. ഓണാഘോഷങ്ങളുടെ ചിത്രങ്ങളോടു കൂടിയ പ്രത്യേക ഓണം പതിപ്പ് പാക്കിന് 100 രൂപയുടെ ക്യാഷ്ബാക്ക് ഓഫറുണ്ട്. ഫെസ്റ്റിവ് പാക്ക് പുറത്തിറക്കിയതിന്റെ ഭാഗമായി മാരിക്കോ പുതിയ കാമ്പെയ്നും പുറത്തിറക്കി. മൃദുവായ ധാന്യങ്ങളടങ്ങിയ സഫോള ഓട്സ് കൊണ്ട് ആരോഗ്യദായകമായ ഓണവിഭവങ്ങൾ തയ്യാറാക്കുന്നതാണ് കാമ്പെയ്നിൽ.ഓട്സ് ഉൾപ്പെടുത്തിക്കൊണ്ട് പ്രിയപ്പെട്ട ഓണവിഭവങ്ങളിൽ




പോഷകസമൃദ്ധമായ ട്വിസ്റ്റ് നൽകാൻ കഴിയുമെന്നു മാരിക്കോ ലിമിറ്റഡ് ഇന്ത്യ ആൻഡ് ഫുഡ്സ് ബിസിനസ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ വൈഭവ് ബഞ്ചാവത് പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇവി പഠനം: വിആർ ലാബുമായി കെഎസ് യുഎം സ്റ്റാർട്ടപ്പ് ടെക്മാഗി



**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷനിലെ എഡ്ടെക് സ്റ്റാർട്ടപ്പായ ടെക്മാഗി വൈദ്യുതവാഹനങ്ങൾക്കുള്ള പഠനത്തിനായുള്ള കേരളത്തിലെ ആദ്യ വെർച്വൽ റിയാലിറ്റി ലാബ് അവതരിപ്പിച്ചു. തിരുവനന്തപുരത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ. ബിന്ദു ലാബിൻറെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു.വൈദ്യുതവാഹനങ്ങളുമായി ബന്ധപ്പെട്ട പഠനത്തിന് വിദ്യാർത്ഥികൾക്ക് പുതിയ ദിശാബോധം ഈ ലാബ് നൽകുമെന്ന് മന്ത്രി പറഞ്ഞു.വി ആർ സാങ്കേതികവിദ്യയിൽ സൈദ്ധാന്തിക അറിവും പ്രായോഗിക പ്രയോഗവും തമ്മിലുള്ള വിടവ് നികത്തി വിദ്യാർത്ഥികൾക്ക് ആഴത്തിലുള്ള പഠനാനുഭവം വിആർ ലാബ് നൽകുന്നു. കേരള സ്റ്റാർട്ടപ്പ് മിഷൻറെ സഹായത്തോടെ വിആർ ലാബിൻറെ വികസനം സാധ്യമാക്കുകയും, അതുവഴി സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളുടെ നിലവാരം ഉയർത്താനും ടെക്മാഗി ലക്ഷ്യമിടുന്നു.

ഇവി മേഖലയിൽ വിദ്യാർത്ഥികളുടെ പഠനാനുഭവം മെച്ചപ്പെടുത്തുന്നതിൽ വിആർ ലാബിന് മുഖ്യ പങ്ക് വഹിക്കാനാകുമെന്ന് കമ്പനി സിഇഒ ദീപക് രാജൻ പറഞ്ഞു.സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ വികസന പദ്ധതികൾ നടപ്പിലാക്കാൻ ടെക്മാഗി തയ്യാറെടുക്കുകയാണ്. വിആർ ലാബിൽ കൂടുതൽ വിപുലീകരണവും വികസനവും നടത്താനുള്ള പദ്ധതികളുണ്ടെന്നും അദ്ദേഹം പറഞ്ഞു. വ്യവസായ ലോകത്തെ അക്കാദമിക് പഠനവുമായി ബന്ധിപ്പിക്കുന്നത് ലക്ഷ്യം വച്ചാണ് 2021 സ്ഥാപിതമായ ടെക്മാഗി പ്രവർത്തിക്കുന്നത്. പ്രായോഗികവും നൈപുണ്യമുള്ള പഠനമാർഗങ്ങളെ കേന്ദ്രീകരിച്ചുള്ള സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകളുടെ വിപുലമായ ശേഖരം വിദ്യാർത്ഥികൾക്ക് ഇവർ പ്രദാനം ചെയ്യുന്നു.

കേരള സ്റ്റാർട്ടപ്പ് മിഷൻറെ കൊച്ചിയിലെ കാമ്പസിലാണ് ടെക്മാഗിയുടെ ആസ്ഥാനം സ്ഥിതി ചെയ്യുന്നത്. കൂടാതെ, കൊച്ചിയിൽ രണ്ട് എക്സ്പീരിയൻസ് സെൻററുകളും, ഗുജറാത്തിലെ എ ജെ ഫൗണ്ടേഷനിൽ പ്രവർത്തിക്കുന്ന ഒരു വിഭാഗവും ടെക്മാഗിയ്ക്കുണ്ട്.

46,000ലധികം വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ഓൺലൈൻ വർക്ക്ഷോപ്പ് സംഘടിപ്പിച്ച്, ഇന്ത്യൻ ബുക്ക് ഓഫ് റെക്കോർഡിൽ ഇടം നേടിയ കമ്പനിയാണ് ടെക്മാഗി.

കൂടാതെ, 1.5 ലക്ഷം വിദ്യാർത്ഥികളെ വിവിധ മേഖലകളിൽ ഇവർ പരിശീലിപ്പിക്കുകയും ചെയ്യുന്നു.

# കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ ലൂയിസ് ഫ്രാൻസിസ് പ്രസിഡന്റ്; ഡി മൻമോഹൻ ഷേണായി ജനറൽ സെക്രട്ടറി




ലൂയിസ് ഫ്രാൻസിസ്, ഡി മൻമോഹൻ ഷേണായി

**കൊച്ചി:** കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ 2024 26 വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുത്തു. ലൂയിസ് ഫ്രാൻസിസ് (ഫോട്ടോ പാർക്ക് ഡിജിറ്റൽ പ്രസ് എറണാകുളം) പ്രസിഡന്റും ഡി മൻമോഹൻ ഷേണായി (വിദ്യാ ഓഫ്സെറ്റ് പ്രിന്റേഴ്സ് എറണാകുളം) ജനറൽ സെക്രട്ടറിയും ഷാജി എം മാഞ്ഞൂരാൻ (ബ്രില്ല്യന്റ് ഏജൻസീസ് എറണാകുളം) ട്രഷററുമായി തെരഞ്ഞെടുക്കപ്പെട്ടു.വൈസ് പ്രസിഡന്റുമാരായി നോർത്തിൽ ആന്റണി എൽ എരിഞ്ഞേരി (വിവി ഡ് ഓഫ്സെറ്റ് പ്രിന്റേഴ്സ് തൃശൂർ), സെൻട്രലിൽ ബിജു ജോസ് (പ്രിന്റേഴ്സ് കാസിൽ എറണാകുളം), ഈസ്റ്റിൽ സോണി ജോർജ്ജ് (എസ് ആന്റ് എസ് അസോസിയേറ്റ്സ് ഓഫ്സെറ്റ് പ്രിന്റേഴ്സ് കോട്ടയം), സൗത്തിൽ റോയ് തോമസ് (ഓറഞ്ച് പ്രിന്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് തിരുവനന്തപുരം) എന്നിവരേയും ജോയിന്റ് സെക്രട്ടറിയായി രാജു എൻ കുട്ടി (പുരന്ദര ലേസർ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എറണാകുളം)യേയും തെരഞ്ഞെടുത്തു. കൊച്ചി ഹോളിഡേ ഇന്നിൽ നടന്ന 46ാമത് വാർഷിക ജനറൽ ബോഡി യോഗത്തിലാണ് ഭാരവാഹികളെ തെരഞ്ഞെടുത്തത്. പ്രിന്റിംഗ് മേഖലയിൽ ദീർഘകാലമായി പ്രവർത്തിക്കുന്ന നാല് അംഗങ്ങളെ ജനറൽബോഡി യോഗം ആദരിച്ചു. ഒരു നൂറ്റാണ്ട് പൂർത്തിയാക്കിയ

ചങ്ങനാശ്ശേരി സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ് ആന്റ് ബുക്ക്സ്റ്റാൾ, അര നൂറ്റാണ്ട് തികഞ്ഞ കളർടോൺ പ്രോസസ് എറണാകുളം, വിദ്യ ഓഫ്സെറ്റ് പ്രിന്റേഴ്സ് എറണാകുളം, പ്രിന്റേഴ്സ് കാസിൽ എറണാകുളം എന്നീ പ്രസ്സുകളാണ് ആദരിക്കപ്പെട്ടത്.



# ബയർസെല്ലർ മീറ്റ് സംഘടിപ്പിച്ച് ഐഐഎം സമ്പൽപൂർ

**കൊച്ചി:** രാജ്യത്തെ, പ്രത്യേകിച്ച് ഒഡിഷയിലെ, പരമ്പരാഗത ഹാൻഡ്‌ലൂം മേഖലയെ ശാക്തീകരിക്കാനായി മുൻനിര മാനേജുമെൻറ് ഇൻസ്റ്റിറ്റ്യൂട്ട് ആയ ഐഐഎം സമ്പൽപൂർ കാമ്പസിൽ ബയർ സെല്ലർ മീറ്റ് സംഘടിപ്പിച്ചു. മാസ്റ്റർ വീവർമാരുമായും രാജ്യത്തിൻറെ വിവിധ മേഖലകളിലുള്ള വാങ്ങൽകാരുമായും ബന്ധം ശക്തമാക്കുക എന്നതാണ് ഇതിലൂടെ ഉദ്ദേശിച്ചത്. ഫാബ് ഇന്ത്യ, നൈക്ക ഫാഷൻസ്, റിലയൻസ് സ്വദേശ്, ആദിത്യ ബിർള ലിവ തുടങ്ങിയവർ ഉൾപ്പെടെയുള്ള പ്രമുഖ ബ്രാൻഡുകൾ പരിപാടിയിൽ പങ്കെടുത്തു. മാസ്റ്റർ വീവർമാർക്ക് വിപണിയുമായി നേരിട്ടുള്ള ബന്ധം സ്ഥാപിക്കാൻ വഴിയൊരുക്കുന്നതായിരുന്നു ഈ പരിപാടി. നാച്യുറൽ ഡയിങ് എന്ന പുസ്തകവും ഈ വേളയിൽ പ്രകാശനം ചെയ്തു. 12 ആഴ്ചത്തെ ചെറുകിട ബിസിനസ് മാനേജുമെൻറ് പരിശീലന പരിപാടിയുടെ സമാപനത്തോട് അനുബന്ധിച്ചാണ് മാസ്റ്റർ വീവർമാർക്കായി ഇതു സംഘടിപ്പിച്ചത്.തങ്ങളുടെ സുസ്ഥിര അധിഷ്ഠിത നീക്കങ്ങളുടെ ഭാഗമായാണ് ഇന്ത്യൻ ഹാൻഡ്‌ലൂം മേഖലയെ ഉയർത്താനുള്ള നീക്കങ്ങൾ നടത്തുന്നതെന്ന് ഐഐഎം സമ്പൽപൂർ ഡയറക്ടർ ഡോ. മഹാദിയോ ജെയ്സാൾ പറഞ്ഞു.

# കൺസ്യൂമർ ഫെഡ് ഓണം വിപണി ഏഴുമുതൽ 14 വരെ




**കൊച്ചി:** സഹകരണവകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുഖേന ഓണം വിപണിയുടെ സംസ്ഥാനതല ഉത്ഘാടനം സെപ്റ്റംബർ 06 ന് തിരുവനന്തപുരത്ത് സഹകരണവകുപ്പ് മന്ത്രി വി എൻ വാസവന്റെ അധ്യക്ഷതയിൽ ചേരുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുമെന്ന് ചെയർമാൻ എം മെഹബൂബും മാനേജിംഗ് ഡയറക്ടർ എം സലിമും എറണാകുളം പ്രസ്ക്ലബിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 13 ഇനം നിത്യോപയോഗ സാധനങ്ങളായ ആന്ധ്ര ജയ അരി, കുറുവ അരി, മട്ട അരി, പച്ചരി, പഞ്ചസാര, ഉഴുന്ന്, ചെറുപയർ, കടല, തുവര പരിപ്പ്, വൻപയർ, മുളക്, മല്ലി, വെളിച്ചെണ്ണ എന്നിവ സർക്കാർ സബ്സിഡിയോടെ സപ്ലൈകോ നൽകുന്ന സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുമെന്ന് ചെയർമാൻ പറഞ്ഞു.കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ജില്ലാ മൊത്തവ്യാപാര സഹകരണ സ്റ്റോറുകൾ, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, പിന്നോക്ക മേഖലയിൽ പ്രവർത്തിക്കുന്ന എസ്സി, എസ്ടി സംഘങ്ങൾ, ഫിഷർമാൻ സഹകരണ സംഘങ്ങൾ എന്നിവ മുഖേന ആരംഭിക്കുന്ന 1500 പ്രത്യേക കേന്ദ്രങ്ങളിലൂടെ സെപ്റ്റംബർ 07 മുതൽ 14 വരെ ഓണം വിപണി പ്രവർത്തിക്കും. സംസ്ഥാന സർക്കാരിന്റെ സബ്സിഡിയോടെ നൽകുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങൾ റേഷൻകാർഡ് മുഖേന വിൽപ്പന നടത്തുവാനാണു തീരുമാനിച്ചിട്ടുള്ളത്. പൊതു മാർക്കറ്റിനേക്കാൾ ഏകദേശം 30% മുതൽ 50% വരെ വിലക്കുറവിൽ സർക്കാർ സബ്സിഡിയോടു കൂടി വിൽപന നടത്തുന്ന 13 ഇനങ്ങളോടൊപ്പം സർക്കാർ സബ്സിഡി ഇല്ലാതെ പൊതുമാർക്കറ്റിനേക്കാൾ 10% മുതൽ 40% വരെ വിലക്കുറവോടുകൂടി മറ്റു നിത്യോപയോഗ സാധനങ്ങളും വിൽപന നടത്താൻ ആവശ്യമായ മുന്നൊരുക്കങ്ങൾ കൺസ്യൂമർഫെഡ് ആരംഭിച്ചു കഴിഞ്ഞുവെന്ന് അദ്ദേഹം അറിയിച്ചു.സർക്കാർ സബ്സിഡിയോടെ വിൽപ്പന നടത്തുന്ന 13 ഇനം സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻേതിനു സമാനമായ വിലയ്ക്ക് തന്നെ വിൽക്കുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഒരു കിലോയ്ക്ക് വ്യത്യസ്ത ഇനങ്ങളായ അരി ജയ 29/രൂപ, കുറുവ 30/രൂപ, കുത്തരി 30/രൂപ, പച്ചരി 26/രൂപ, പഞ്ചസാര 27/രൂപ, വെളിച്ചെണ്ണ 500ാപ 55/ രൂപ, ചെറുപയർ 92/ രൂപ, വൻകടല 69/ രൂപ, ഉഴുന്ന് ബോൾ 95/ രൂപ, വൻപയർ 75/ രൂപ, തുവരപരിപ്പ് 111/ രൂപ, മുളക് ഗുണ്ടൂർ 500 ഗ്രാം 75/ രൂപ, മല്ലി (500 ഗ്രാം) 39/ രൂപ എന്നിവയും, മറ്റ് നോൺ സബ്സിഡി സാധനങ്ങൾ 10% മുതൽ 40% വരെ പൊതുവിപണിയേക്കാൾ വിലകുറച്ച് ഗുണനിലവാരം ഉറപ്പാക്കി വിൽപന നടത്തുന്നതോടൊപ്പം സേമിയ, പാലട, അരിയട, ചുവന്നുള്ളി, സവാള, ഉരുളക്കിഴങ്ങ്, കറിപ്പൊടികൾ, അരിപ്പൊടികൾ, തേയില എന്നിവയും ഓരോ പ്രദേശത്തേയും ആവശ്യകതക്ക് അനുസരിച്ചു പ്രത്യേകം വിലക്കുറവിൽ ലഭ്യമാകും.വൈസ് ചെയർമാൻ അഡ്വ ഇസ്മയിൽ, പർച്ചേസ് മാനേജർ ദിനേശ്ലാൽ, ഭരണവിഭാഗം മാനേജർ ശ്യാം എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# എട്ടു നോമ്പു പെരുന്നാളിന് കൊടിയേറി



**മലയിടംതുരുത്ത്:** മലയിടംതുരുത്ത് സെന്റ്. മേരിസ് യാക്കോബായ സുറിയാനി പള്ളിയിലെ എട്ടു നോമ്പു പെരുന്നാളിന് പെരുമ്പാവൂർ മേഖല അധിപൻ അഭിവന്ദ്യ മാത്യൂസ് മോർ അപ്രേം മെത്രാപ്പോലീത്ത കൊടി ഉയർത്തി ഇന്ന് തുടക്കം കുറിച്ചു. സെപ്റ്റംബർ ആറാം തീയതി വരെ എല്ലാ ദിവസവും സുവിശേഷ യോഗവും തുടർന്ന് സെപ്റ്റംബർ 7, 8 തീയതികളിൽ നടത്തുന്ന പ്രധാന പെരുന്നാളിന് അഭിവന്ദ്യ ഏലിയാസ് മോർ യൂലിയോസ് മെത്രാപ്പോലീത്തയും, അഭിവന്ദ്യ പൗലോസ് മോർ ഐറേനിയോസ് മെത്രാപ്പോലീത്തയും സഭയിലെ സീനിയർ വൈദികരും നേതൃത്വം നൽകുന്നു. ഒരു വർഷം നീണ്ടുനിൽക്കുന്ന ഇടവകയുടെ ജൂബിലി ആഘോഷങ്ങളുടെ തുടക്കം അഭിവന്ദ്യ മാത്യൂസ് മോർ അപ്രേം മെത്രാപ്പോലീത്ത ഇന്ന് നിർവ്വഹിക്കും. ഒരു വർഷം നീണ്ടുനിൽക്കുന്ന ജൂബിലി ആഘോഷങ്ങളിൽ നിരവധി ചാരിറ്റി പ്രവർത്തനങ്ങളും സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയതായി വികാരി റവ. ഫാ. ഡോ. ബാബു അറക്കക്കുടി, ട്രസ്റ്റിമാരായ എൻ. പി. വർഗീസ്, സിജി തോമസ് ജൂബിലി കൺവീനർ ബേസിൽ പോൾ എന്നിവർ അറിയിച്ചു.

# ആഗോള പ്രവാസി കൺവെൻഷൻ ശിവഗിരിയിൽ ഒരുക്കങ്ങളായി

**ശിവഗിരി:** 16, 17 തീയതികളിൽ ശിവഗിരി മഠത്തിൽ നടക്കുന്ന ആഗോള പ്രവാസി സംഗമത്തിന് ഒരുക്കങ്ങളായി. നിരവധി രാജ്യങ്ങളിൽ നിന്നും വിവിധ സംഘടന പ്രതിനിധികളും ഗുരുദേവ വിശ്വാസികളും ശിവഗിരി ബന്ധുക്കളായ മറ്റു മലയാളികളും സംഗമത്തിൽ പങ്കെടുക്കും. ലോകം ശിവഗിരിയിലേക്ക് എന്ന നിലയിലാണ് സംഗമ ക്രമീകരണം നടന്നു വരുന്നത്. വിദേശരാജ്യങ്ങളിലെ പ്രമുഖർക്കൊപ്പം വിവിധ സംസ്ഥാന ഗവർണർമാരും കേന്ദ്ര സംസ്ഥാന മന്ത്രിമാരും നയതന്ത്രപ്രതിനിധികളുമൊക്കെ സമ്മേളനത്തിൽ പ്രസംഗിക്കും. മാനവരൊക്കെയും ഒന്ന് അതാണ് നമ്മുടെ മതമെന്നുള്ള ഗുരുദേവൻറെ പ്രഖ്യാപനത്തിലൂന്നിയാണ് സംഗമം സംഘടിപ്പിക്കുന്നതെന്ന് ശിവഗിരി മഠം പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി, ജനറൽ സെക്രട്ടറി ശുഭാംഗാനന്ദ സ്വാമി, ട്രഷറർ ശാരദാനന്ദ സ്വാമി എന്നിവർ അറിയിച്ചു. കെ.ജി. ബാബുരാജൻ (ബഹറിൻ) ചെയർമാൻ, കെ.മുരളീധരൻ (ദുബായ്) വൈസ് ചെയർമാൻ എ.വി. അനൂപ് (ചെന്നൈ) ജനറൽ കൺവീനർ ഡോ. കെ. സുധാകരൻ (ദുബായ് ) ബി. ജയപ്രകാശ് (ദുബായ്) എന്നിവരുടെ നേതൃത്വത്തിലുള്ള വിപുലമായ സംഘാടകസമിതി പ്രവാസി കൺവെൻഷൻറെ നടത്തിപ്പിനായി രൂപീകരിച്ചിട്ടുണ്ട്.

# കുസാറ്റ് സ്കൂൾ ഓഫ് എൻജിനീയറിംങ്ങിന് എയ്റോ ഡിസൈൻ മത്സരത്തിൽ വിജയം




**കൊച്ചി:** ചെന്നൈ എസ്. ആർ.എം യൂണിവേഴ്സിറ്റിയിൽ നടന്ന അഖിലേന്ത്യാ എയ്റോ ഡിസൈൻ മത്സരത്തിൽ കുസാറ്റ് സ്കൂൾ ഓഫ് എഞ്ചിനീയറിംഗ്(സൊസൈറ്റി ഓഫ് ഓട്ടോ മോട്ടീവ് എസ്. എ . ഇ) ടീം ഇരുപതിനായിരം രൂപയും ഫലകവും അടങ്ങുന്ന മൂന്നാം സ്ഥാനം കരസ്ഥമാക്കി. അവരുടെ മരുത് സഖ (എയർ സുഹൃത്ത്) എന്നു നാമകരണം ചെയ്ത വിമാനത്തിന് ആണ് 52 ടീമുകളുമായി മൽസരിച്ച് വിജയം നേടാനായത്. കേരളത്തിൽ നിന്നും വിജയിച്ച ഒരേ ഒരു ടീം ആണ് കുസാറ്റിന്റെ സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങ് ടീം. ഇവർ നിർമിച്ച 3.9 കിലോ മാത്രം തൂക്കം ഉള്ള വിമാനം 5.7 കിലോ ഗ്രാം ഭാരം വഹിച്ചു. വിദ്യാർത്ഥികൾ ആയ ഗൗരി ശങ്കർ .എ, അഞ്ജന.എസ്, അനിരുദ്ധ് . സി. ആർ, ഏബൽ. കെ തോമസ്, അനന്യ, റിദ ഷഹനാസ്, ഹയ്സം. കെ, ദിയ മേരി കോശി, ദൃശ്യ. പി, അതുൽഷ. കെ എന്നിവരടങ്ങുന്ന ടീമിന് അദ്ധ്യാപകരായ ഡോ. ഗിരീഷ് കുമാരൻ തമ്പി, ഡോ. ബിജു. എൻ, ശ്രീ. പ്രിയദർശി ദത്ത്, ശ്രീ. ശ്യാം ജോയ് എന്നിവർ നേതൃത്വം നൽകി.

# ഫിസാറ്റ് വയനാട് ദുരിതാശ്വാസ നിധിയിലേക്ക് തുക കൈമാറി



**കൊച്ചി:** അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജും ഫെഡറൽ ബാങ്ക് ഓഫീസേർസ് അസോസിയേഷൻ എഡ്യൂക്കേഷണൽ സൊസൈറ്റിയും സംയുക്തമായി സമാഹരിച്ച പത്തു ലക്ഷം രൂപ മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറി. കൊച്ചി സിയാലിൽ വച്ച് നടന്ന ചടങ്ങിൽ തുകയ്ക്കുള്ള ചെക്ക് ഫിസാറ്റ് ചെയർമാൻ പി ആർ ഷിമിത്ത് മുഖ്യമന്ത്രി പിണറായി വിജയനു കൈമാറി. ആദ്യ ഘട്ടത്തിൽ ഫിസാറ്റിലെ എൻ എസ് എസ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സമാഹരിച്ച ഭക്ഷ്യ വസ്തുക്കളുടെയും വസ്ത്രങ്ങൾ ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങൾ അടങ്ങിയ ഒരു ലോഡ് വസ്തുക്കൾ വയനാടിന് കയറ്റിയച്ചു. കൂടാതെ വിദ്യാർത്ഥികൾ തങ്ങളുടെ പോക്കറ്റ് മണിയിൽ നിന്നും മിച്ചം പിടിച്ച ചെറിയ തുകകൾ ഒരുമിച്ചു ചേർത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറിയിരുന്നു. കോവിഡ് മഹാമാരി കാലത്തും വെള്ളപൊക്കം മൂലം ദുരിതമനുഭവിച്ച സമയത്തും കേരള ജനതയെ ചേർത്ത് നിർത്താൻ ഫിസാറ്റ് മാനേജ്മെന്റിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് വലിയൊരു തുക വിവിധ ഘട്ടങ്ങളിലായി ആവശ്യക്കാർക്ക് കൈമാറിയിരുന്നു. വേദനയനുഭവിക്കുന്ന ഒരു കൂട്ടം ജനതയെയും അതിലുപരി സങ്കടപെടുകയും വിഷമതകൾ അനുഭവിക്കുകയും ചെയുന്ന വിദ്യാർത്ഥികളെയും ചേർത്ത് നിർത്താൻ ഫിസാറ്റ് എന്ന സ്ഥാപനം എന്നും മുൻപിൽ തന്നെ ഉണ്ടാവുമെന്ന് ചെയർമാൻ പി ആർ ഷിമിത്ത് പറഞ്ഞു സിയാലിൽ നടന്ന ചടങ്ങിൽ റെവന്യൂ വകുപ്പ് മന്ത്രി ആർ രാജൻ, വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്, ബെന്നി ബെഹനാൻ എം പി,പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, അങ്കമാലി എം ൽ എ റോജി എം ജോൺ, അൻവർ സാദത്ത് എം എൽ എ ഫെഡറൽ ബാങ്ക് ഓഫീസർസ് അസോസിയേഷൻ വൈസ് പ്രസിഡന്റ് പോൾ മുണ്ടാടൻ അസ്സോസിയേറ്റ് ജനറൽ സെക്രട്ടറി എം പി അബ്ദുൽ നാസർ, മാനേജ്മെൻറ് കമ്മിറ്റി അംഗം ഇ കെ രാജവർമ്മ വൈസ് പ്രിൻസിപ്പൽ ഡോ പി ആർ മിനി, ഡീൻ ഡോ ജി ഉണ്ണികർത്ത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ പി വിനോദ് നായർ, പബ്ലിക് റിലേഷൻസ് ഓഫീസർ ഷിൻടോ സെബാസ്റ്റ്യൻ തുടങ്ങിയവർ പങ്കെടുത്തു.

# കുസാറ്റിലെ ജിയോജിത് കുസാറ്റ് സെന്റർ ഓഫ് സസ്റ്റൈനബിലിറ്റി സ്റ്റഡീസ് ഉദ്ഘാടനം ഇന്ന്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ (കുസാറ്റ്) ജിയോജിത് സ്പോൺസർ ചെയ്ത സുസ്ഥിരതാ മികവിൻറെ കേന്ദ്രമായ ജിയോജിത് കുസാറ്റ് സെന്റർ ഓഫ് സസ്റ്റൈനബിലിറ്റി സ്റ്റഡീസ് (ജി.സി.സി.ഒ.എസ്.എസ്.) ഇന്ന് (സെപ്റ്റംബർ 3, 2024) ബഹുമാനപ്പെട്ട വ്യവസായ, നിയമ, കയർ മന്ത്രി. പി. രാജീവ് ഉദ്ഘാടനം ചെയ്യും. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് ഐഎഎസ് വിശിഷ്ടാതിഥിയും കെഎസ്ഐഡിസി എംഡി എസ് ഹരികിഷോർ ഐഎഎസ്, ജിയോജിത് ഫിനാൻഷ്യൽ സർവീസസ് സിഎംഡി സിജെ ജോർജ്ജ് എന്നിവർ പ്രത്യേക പ്രഭാഷണം നടത്തുകയും ചെയ്യും. രാവിലെ 9.30ന് കുസാറ്റ് സ്റ്റുഡൻറ്സ് അമിനിറ്റി സെന്ററിലാണ് ഉദ്ഘാടന ചടങ്ങ്.കേരളത്തിലെ ഏറ്റവും വലിയ വ്യവസായഅക്കാദമിക പങ്കാളിത്തങ്ങളിലൊന്നായ ഈ സെന്റർ ജിയോജിത് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ സിഎസ്ആർ സംരംഭത്തിന്റെ ഭാഗമായാണ് ആരംഭിക്കുന്നത്. ഗവേഷണം, അക്കാദമിക്സ്, കൺസൾട്ടിംഗ്, കപ്പാസിറ്റി ബിൽഡിംഗ്, ഇന്നൊവേഷൻ, സർട്ടിഫിക്കേഷൻ എന്നിങ്ങനെ ആറ് മേഖലകൾ കേന്ദ്രീകരിച്ചാണ് ഇതിന്റെ പ്രവർത്തനം. മികച്ച ഗവേഷണ ഫലങ്ങൾ, അക്കാദമിക മികവ്, സാങ്കേതിക മുന്നേറ്റം എന്നിവ സൃഷ്ടിക്കുകയും ഉന്നത നിലവാരമുള്ള ശാസ്ത്രജ്ഞരെയും സംരംഭകരെയും വാർത്തെടുക്കുകായും ചെയ്യുന്ന ഒരു സ്വയംഭരണകേന്ദ്രമാകാനാണ് സെന്റർ ലക്ഷ്യമിടുന്നത്.

പരിസ്ഥിതി, സാമൂഹിക, ഭരണ മേഖലകൾക്ക് ഊന്നൽ നൽകുന്ന സർക്കാരുകൾക്കും കോർപ്പറേഷനുകൾക്കും വിവിധ വിഷയങ്ങളിലുള്ള കുസാറ്റിൻറെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തി ഗവൺമെൻറ്, കോർപ്പറേറ്റ് തലങ്ങളിൽ ഈ മേഖലകളിലെ നയങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയെ സഹായിക്കുന്ന ഗവേഷണമാണ് ജി.സി.സി.ഒ.എസ്.എസിൽ നടക്കുക. അങ്ങനെ ആഗോള സുസ്ഥിര വികസന ഭൂപടത്തിൽ കേരളത്തിന് നിർണായക സ്വാധീനമാകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശാസ്ത്ര, സാങ്കേതിക, സാമൂഹിക ശാസ്ത്ര പരിജ്ഞാനം സമന്വയിപ്പിച്ചുകൊണ്ട് ക്രോസ് ഡിപ്പാർട്ട്മെൻറ് ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള ഒരു നോഡൽ കേന്ദ്രമായി ജി.സി.സി.ഒ.എസ്.എസ് മാറും. സാങ്കേതിക, ശാസ്ത്ര വകുപ്പുകളുടെ പിന്തുണയോടെ കാലാവസ്ഥാ വ്യതിയാനം, സമ്പദ്‌വ്യവസ്ഥ, സുസ്ഥിര വിതരണ ശൃംഖല തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക കോഴ്സുകളും പഠനങ്ങളും ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾ വികസിപ്പിക്കാനും നടപ്പിലാക്കാനും ജി.സി.സി.ഒ.എസ്.എസ് ലക്ഷ്യമിടുന്നു. വിവിധ സാങ്കേതികവിദ്യകൾക്കും ബിസിനസ്സ് മോഡലുകൾക്കുമായി ഒരു ഇന്നൊവേഷൻ ഹബ്ബിൻറെ പങ്ക് കൂടി ഈ സെന്റർ വഹിക്കും. തേർഡ് പാർട്ടി സർട്ടിഫിക്കേഷനുകൾ നൽകുന്നതിന് സ്റ്റാൻഡേർഡ് സെറ്റിംഗ് ബോഡികളുമായി സഹകരിച്ച് ജി.സി.സി.ഒ.എസ്.എസ് സ്വതന്ത്ര റേറ്റിംഗ് സംവിധാനങ്ങൾ സ്ഥാപിക്കും.

# കുസാറ്റ് ഗ്രൗണ്ട്: അവലോകനയോഗം ചേർന്നു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പ്ലേഗ്രൗണ്ടും 400 മീറ്റർ സിന്തറ്റിക്ക് ട്രാക്കും നിർമാണം നടക്കുന്നതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി പി. രാജീവിന്റെയും കായികമന്ത്രി വി. അബ്ദുറഹിമാന്റെയും നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു.

COCHIN UNIVERSITY OF SCIENCE AND TECHNOLOGY

പ്രതികൂല കാലാവസ്ഥ മൂലം താമസിച്ച നിർമാണപ്രവർത്തനങ്ങൾ ജനുവരി അവസാനത്തോടെ സമയബന്ധിതമായി പൂർത്തിയാക്കുമെന്നും, ഫെബ്രുവരി ആദ്യവാരം തന്നെ ഉദ്ഘാടനം നിർവഹിക്കാനാകുമെന്നും യോഗത്തിൽ തീരുമാനമായി.

കുസാറ്റിനെ പ്രതിനിധീകരിച്ച് വൈസ് ചാൻസലർ ഡോ. പി ജി ശങ്കരൻ, ഫിസിക്കൽ എജുക്കേഷൻ വകുപ്പ് മേധാവി ഡോ. അജിത് മോഹൻ, സർവകലാശാല എൻജിനിയർ സാബിൻ വി എസ്, എക്സിക്യൂട്ടിവ് എൻജിനിയർ മായാദേവി എന്നിവരും സർക്കാരിനെ പ്രതിനിധീകരിച്ച് കേരള സ്പോർട്സ് ഫൗണ്ടേഷൻ ചീഫ് എൻജിനീയർ, അസിസ്റ്റന്റ് എൻജിനിയർ (സിവിൽ), അസിസ്റ്റന്റ് എൻജിനിയർ (ഇലക്ട്രിക്കൽ) എന്നിവരും യോഗത്തിൽ പങ്കെടുത്തു.

# മാർക്കോ പൂർത്തിയായി




ഉണ്ണി മുകുന്ദൻ നായകനാക്കി ഹനീഫ് അദേനി തിരക്കഥ രചിച്ച് സംവിധാനം ചെയ്യുന്ന മാർക്കോ എന്ന ചിത്രത്തിന്റെ ചിത്രീകരണം പൂർത്തിയായി.ക്യൂബ്സ് എന്റെർടൈൻമെന്റിന്റെ ബാനറിൽഷെരിഫ് മുഹമ്മദ്, ഉണ്ണി മുകുന്ദൻ ഫിലിംസ് എന്നിവർ ചേർന്നു നിർമ്മിക്കുന്ന ഈ ചിത്രത്തിൽ സിദ്ദിഖ്, ജഗദീഷ്,ആൻസൺ പോൾ,കബീർ ദുഹാൻസിങ്, യുക്തി തരേജ,ദിനേശ് പ്രഭാകർ,മാത്യു വർഗീസ്, അജിത് കോശി തുടങ്ങിയവരും അഭിനയിക്കുന്നു.നടൻ ഷമ്മി തിലകന്റെ മകൻ അഭിമന്യു തിലകൻ, ഇഷാൻ ഷൗക്കത്ത് എന്നിവരെ ഈ ചിത്രത്തിലൂടെ പരിചയപ്പെടുത്തുന്നു.ഒപ്പം നിരവധി പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.മലയാളത്തിനു പുറമേ ഇംഗ്ലീഷ്, ഹിന്ദി. തെലുങ് തമിഴ്, കന്നഡ ഭാഷകളിലും അവതരിപ്പിക്കുന്ന മാർക്കോ പൂർണ്ണമായും ആക്ഷൻ ത്രില്ലർ,വയലൻസ് ചിത്രമാണ്.ഇൻഡ്യൻ സ്ക്രീനിലെ ഏറെ ഹരമായ രവി ബസ്രൂർ സംഗീതം പകരുന്നു.ഛായാഗ്രഹണംചന്ദ്രു സെൽവരാജ്,എഡിറ്റിംഗ്ഷെമീർ മുഹമ്മദ്,കലാസംവിധാനം സുനിൽ ദാസ്,മേക്കപ്പ്സുധിസുരേന്ദ്രൻ,കോസ്റ്റ്യൂംസ്ധന്യാ ബാലകൃഷ്ണൻ,സ്റ്റിൽസ് നന്ദുഗോപാലകൃഷ്ണൻ, ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടർസ്യമന്തക് പ്രദീപ്, പ്രൊഡക്ഷൻ എക്സിക്കുട്ടീവ്ബിനു മണമ്പൂർ,പ്രൊഡക്ഷൻ കൺട്രോളർദീപക് പരമേശ്വരൻ,പ്രൊമോഷൻ കൺസൾട്ടന്റ്വിപിൻ കുമാർ മാർക്കറ്റിംഗ് 10ജി മീഡിയ. കൊച്ചി,എഴുപുന്ന, കൊല്ലം,മൂന്നാർ എന്നിവിടങ്ങളിലായിരുന്നു മാർക്കോയുടെ ലോക്കേഷൻസ്.പി ആർ ഒഎ എസ് ദിനേശ്.




# പേട്ടറാപ്പ് 27ന്

കളർഫുൾ ഫാമിലി എന്റെർറ്റൈനെർ ഇന്റർടൈനറായി എസ്.ജെ. സിനു സംവിധാനം ചെയ്യുന്ന പ്രഭുദേവ ചിത്രം പേട്ടറാപ്പ് സെപ്റ്റംബർ 27ന് തിയേറ്ററുകളിലേക്കെത്തുന്നു.

വേദിക നായികാകഥാപാത്രത്തെ അവതരിപ്പിക്കുന്ന പേട്ടറാപ്പിന്റെ സംഗീതമൊരുക്കുന്നത് ഡി ഇമ്മാനാണ്. പേട്ടറാപ്പിന്റെ കഥയും തിരക്കഥയും ഒരുക്കിയിരിക്കുന്നത് പി.കെ. ദിനിൽ ആണ്. ഛായാഗ്രഹണം ജിത്തു ദാമോദർ നിർവഹിക്കുന്നു.

നിഷാദ് യൂസഫ് എഡിറ്റിംഗും എ ആർ മോഹൻ കലാസംവിധാനവും നിർവഹിക്കുന്ന ചിത്രത്തിൽ സണ്ണി ലിയോൺ, വിവേക്, പ്രസന്ന, ഭഗവതി പെരുമാൾ, രമേഷ് തിലക്, രാജീവ് പിള്ള, കലാഭവൻ ഷാജോൺ, മൈം ഗോപി എന്നിവരാണ് മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.

പ്രൊഡക്ഷൻ കൺട്രോളർ ആനന്ദ് .എസ്, ശശികുമാർ.എസ്എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: റിയ എസ്, വസ്ത്രാലങ്കാരം :അരുൺ മനോഹർ, മേക്കപ്പ് :അബ്ദുൾ റഹ്മാൻ,കൊറിയോഗ്രാഫി: ഭൂപതി രാജ, റോബർട്ട്, സ്റ്റണ്ട് :ദിനേശ് കാശി,വിക്കി മാസ്റ്റർ,ലിറിക്സ് :വിവേക്,മദൻ ഖർക്കിക്രിയേറ്റീവ് സപ്പോർട്ട് :സഞ്ജയ് ഗസൽ ,കോ ഡയറക്ടർ: അഞ്ജു വിജയ്, ഡിസൈനർ: യെല്ലോ ടൂത്ത്,സ്റ്റിൽസ് : സായ്സന്തോഷ്.പി ആർ ഓ പ്രതീഷ് ശേഖർ.




രുദ്ര,ആതിര,പോളി വടക്കൻ,അൻസിൽ ഫിറോസ്, വർണ രാജൻ,രാധേ ശ്യാം,മാർഗ്ഗരീത്ത ജോസ്സി,ലിൻസൺ ജോൺസ് മഞ്ഞളി,രേവതി സുദേവ്,ബാലാജി പുഷ്പ,കെ എം ഇസ്മയിൽ,ആർ എസ് പ്രഭ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി അജിത് സുകുമാരൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ശാർദ്ദൂല വിക്രീഡിതം എന്ന വെബ് സീരീസിന്റെ ടൈറ്റിൽ പോസ്റ്റർ റിലീസായി.പച്ചക്കുതിര എന്റർടൈൻമെന്റ്സിന്റെ ബാനറിൽ കെ എം ഇസ്മയിൽ നിർമിക്കുന്ന ഈ ചിത്രത്തിൽ ഇന്ത്യൻ സിനിമയിലെ ഏറ്റവും പ്രായം കുറഞ്ഞ സംഗീത സംവിധായികയും, ഇൻഡ്യാ ബുക്ക് ഓഫ് റെക്കോർഡ് ജേതാവുമായ ശ്രേയ എസ് അജിത്ത് സംഗീത സംവിധാനം നിർവഹിക്കുന്നു.യുഫോറിയ എ എസ് ബാൻഡിലെ അംഗങ്ങളായ ശ്രേയ എസ് അജിത്, സെറ റോബിൻ, റോബിൻ തോമസ്, ആരൻ ഷെല്ലി എന്നിവരാണ് ടൈറ്റിൽ ഗാനം ആലപിച്ചിരിക്കുന്നത്.ഛായാഗ്രഹണം ഗൗതം കൃഷ്ണ, സ്ക്രിപ്റ്റ് അസോസിയേറ്റ്ശ്രുതി സുരേഷ്,ചമയം വസ്ത്രലങ്കാരം സുധീഷ് നാരായണൻ അസോസിയേറ്റ് ഡയറക്ടർബാലാജി പുഷ്പ,ഡിസൈൻസ് രാജീവ് ലോബ്സ്റ്റർ മീഡിയ,പോസ്റ്റ് പ്രൊഡക്ഷൻമീഡിയ ലോഞ്ച് കൊച്ചി,യൂണിറ്റ്നിയാസ് സി എ കെ, ഓൺലൈൻ പാർട്ണർസലിം പി ചാക്കോ,സിനിമ പ്രേക്ഷക കൂട്ടായ്മ,പി ആർ ഒഎ എസ് ദിനേശ്.




# കുമ്മാട്ടിക്കളി ഓണത്തിന്

സുരേഷ് ഗോപിയുടെ മകൻ മാധവ് സുരേഷ് നായകനാവുന്ന കുമ്മാട്ടിക്കളി ഓണത്തിന്.സൂപ്പർ ഗുഡ് ഫിലിംസിന്റെ ആർ ബി ചൗധരി നിർമ്മിക്കുന്ന കുമ്മാട്ടിക്കളി, വിൻസെന്റ് സെൽവ സംവിധാനം ചെയ്യുന്നു. വിൻസന്റ് സെൽവയുടെ ആദ്യ മലയാള ചിത്രമാണ് കുമ്മാട്ടിക്കളി കടപ്പുറവും കടപ്പുറത്തെ ജീവിതങ്ങളെയും പ്രമേയമാക്കി ഒരുങ്ങുന്ന ചിത്രമാണ് 'കുമ്മാട്ടിക്കളി'.തമിഴ്, കന്നട സിനിമകളിലെ നടീനടന്മാർക്കൊപ്പം ലെന,റാഷിക് അജ്മൽ,ദേവിക സതീഷ്,യാമി,അനുപ്രഭ,മൈം ഗോപി, അസീസ് നെടുമങ്ങാട് ദിനേശ് ആലപ്പി,സോഹൻ ലാൽ, ആൽവിൻ ആന്റണി ജൂനിയർ,ധനഞ്ജയ് പ്രേംജിത്ത്,മിഥുൻ പ്രകാശ് തുടങ്ങിയവരും അഭിനയിക്കുന്നു.

സംവിധായകൻ ആർ കെ വിൻസെന്റ് സെൽവയുടേതാണ് തിരക്കഥ. ഛായാഗ്രഹണം വെങ്കിടേഷ് വി. പ്രോജക്ട് ഡിസൈനർ സജിത്ത് കൃഷ്ണ, അശോകൻ അമൃത , സംഗീതംജാക്സൺ വിജയൻ,ബി ജി എം ജോഹാൻ ഷെവനേഷ്,ഗാനരചനഉഷി,സംഭാഷണംആർ കെ വിൻസെന്റ് സെൽവ, രമേശ് അമ്മനത്ത്, എഡിറ്റർഡോൺ മാക്സ്,സംഘട്ടനം മാഫിയ ശശി,ഫീനിക്സ് പ്രഭു,പ്രൊഡക്ഷൻ കൺട്രോളർഅമൃത മോഹൻ,ചീഫ് അസോസിയേറ്റ് ഡയറക്ടർമഹേഷ് മനോഹർ,മേക്കപ്പ് പ്രദീപ് രംഗൻ,ആർട്ട് ഡയറക്ടർ റിയാദ് വി ഇസ്മായിൽ,കോസ്റ്റ്യൂംസ്അരുൺ മനോഹർ, സ്റ്റിൽസ്ബാവിഷ്, ഡിസൈൻസ്അനന്തു എസ് വർക്സ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്പ്രജീഷ് പ്രഭാസൻ.ആലപ്പുഴ, കൊല്ലം, നീണ്ടകര എന്നിവിടങ്ങളിലായി ഷൂട്ടിംഗ് പൂർത്തിയാക്കിയ'കുമ്മാട്ടിക്കളി' ഓണത്തിന് ഡ്രീം ബിഗ് ഫിലിംസ് തീയറ്ററുകളിലെത്തിക്കുന്നു.പി ആർ ഒഎ എസ് ദിനേശ്.




# മുറ

കപ്പേളക്ക് ശേഷം മുഹമ്മദ് മുസ്തഫ സംവിധാനം ചെയ്യുന്ന മുറയുടെ ടീസർ അണിയറപ്രവർത്തകർ റിലീസ് ചെയ്തു. സുരാജ് വെഞ്ഞാറമൂട്, ഹ്രിദ്ധു ഹാറൂൺ, മാലാ പാർവതി, കനി കുസൃതി, കണ്ണൻ നായർ, ജോബിൻ ദാസ്, അനുജിത് കണ്ണൻ, യെദു കൃഷ്ണാ,വിഘ്നേശ്വർ സുരേഷ്, കൃഷ് ഹസ്സൻ, സിബി ജോസഫ് എന്നിവരാണ് മുറയിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. മുറയുടെ രചന നിർവഹിക്കുന്നത് സുരേഷ് ബാബുവാണ്.ഹ്രിദ്ധു ഹാറൂൺ കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്ന ചിത്രമാണ് മുറ.മുറയുടെ അണിയറപ്രവർത്തകർ ഇവരാണ്. നിർമ്മാണം : റിയാ ഷിബു,എച്ച് ആർ പിക്ചേഴ്സ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: റോണി സക്കറിയ, ഛായാഗ്രഹണം : ഫാസിൽ നാസർ, എഡിറ്റിംഗ് : ചമൻ ചാക്കോ, സംഗീത സംവിധാനം : ക്രിസ്റ്റി ജോബി, കലാസംവിധാനം : ശ്രീനു കല്ലേലിൽ , മേക്കപ്പ് : റോണെക്സ് സേവ്യർ, വസ്ത്രാലങ്കാരം : നിസാർ റഹ്മത്ത്, ആക്ഷൻ : പി.സി. സ്റ്റൻഡ്സ്, പ്രൊഡക്ഷൻ കൺട്രോളർ : ജിത്ത് പിരപ്പൻകോട് എന്നിവരാണ്. പി ആർ ഓ പ്രതീഷ് ശേഖർ.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ദക്ഷിണേന്ത്യൻ ഹബ്ബായി പ്രവർത്തിക്കാൻ സിയാൽ സജ്ജം: മുഖ്യമന്ത്രി




**കൊച്ചി:** ചെറുനഗരങ്ങളിലേക്ക് സർവീസ് നടത്താൻ സഹകരണം ആരാഞ്ഞുകൊണ്ട് സമീപിച്ചിട്ടുള്ള എയർലൈനുകൾക്കായുള്ള ദക്ഷിണേന്ത്യയിലെ ഹബ്ബ് എന്ന നിലയിൽ പ്രവർത്തിക്കാൻ സിയാൽ സജ്ജമാണെന്നും ആവശ്യമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കൊച്ചി വിമാനത്താവളത്തിലെ 0484 എയ്റോ ലോഞ്ച് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. വിമാനത്താവളത്തിലൂടെ ഇപ്പോൾ പ്രതിവർഷം ഒരു കോടിയിലേറെ പേർ യാത്ര ചെയ്യുന്നുണ്ട്. ഓരോ ആഴ്ചയും വിദേശത്തേക്ക് 670 ഉം ആഭ്യന്തര മേഖലയിൽ 795 ഉം സർവീസുകൾ ഇവിടെ നിന്ന് പ്രവർത്തിക്കുന്നുണ്ട്. രാജ്യത്തിനകത്ത് എല്ലാ നഗരങ്ങളിലേക്കും കൊച്ചിയിൽ നിന്ന് വിമാന സർവീസുകളുണ്ട്.

550 കോടി രൂപയോളം ചെലവിട്ട് നടത്തുന്ന രാജ്യാന്തര ടെർമിനൽ .അടുത്ത 3 വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. 160 കോടി രൂപ ചെലവിട്ട് നിർമിക്കുന്ന കൊമേഴ്സ്യൽ സോൺ വികസനത്തിനും സിയാൽ തുടക്കമിട്ടു കഴിഞ്ഞു. വിമാനത്താവള സ്വകാര്യവത്ക്കരണം തകൃതിയായി തന്നെ രാജ്യത്ത് നടക്കുന്നുണ്ട്. സ്വകാര്യ ഓപ്പറേറ്റർമാർക്ക് കൈമാറിയ പല വിമാനത്താവളങ്ങളും കാലക്രമേണ യൂസർ ഡെവലപ്മെന്റ് ഫീസും ലാൻഡിംഗ് ഫീസും കുത്തനെ ഉയർത്തുകയും അതിന്റെ ബാധ്യത സാധാരണ യാത്രക്കാരുടെ മേൽ അടിച്ചേൽപ്പിക്കുകയും ചെയ്യുകയാണ്. എന്നാൽ, സർക്കാർ മുഖ്യനിക്ഷേപം നടത്തിയിട്ടുള്ള സിയാലിന്റെ പ്രവർത്തനങ്ങളിൽ അത്തരത്തിൽ പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഒന്നും തന്നെയില്ല. രാജ്യത്തെ ഏറ്റവും കുറഞ്ഞ ഡെവലപ്മെന്റ് ഫീസും പാർക്കിംഗ്, ലാൻഡിംഗ് ഫീസുമാണ് സിയാലിൽ ഉള്ളത്. ജനോപകാരപ്രദമായി വ്യവസായങ്ങളെയും സേവനങ്ങളെയും നിലനിർത്താനാണ് ശ്രമിക്കുന്നത്, പിണറായി വിജയൻ കൂട്ടിച്ചേർത്തു.

നിലവിൽ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ഈ വിമാനത്താവളത്തിൽ, ഒരു ഹ്രസ്വമായ വിശ്രമകേന്ദ്രം വേണമെന്ന യാത്രക്കാരുടെ നിരന്തരമായ ആവശ്യം മുൻനിർത്തിയാണ് സിയാൽ ഇപ്പോൾ 0484 എന്ന ഈ എയ്റോ ലോഞ്ച് നിർമിച്ചിട്ടുള്ളത്. യാത്രക്കാർക്കും സന്ദർശകർക്കും തങ്ങൾക്ക് ആവശ്യമുള്ള സമയത്തേക്ക് മാത്രമായി വിമാനത്താവളത്തിനുള്ളിൽ തങ്ങാനുള്ള അവസരമാണ് ഇതിലൂടെ ഒരുക്കുന്നത്. അരലക്ഷം ചതുരശ്രയടി വിസ്തീർണത്തിൽ ആധുനിക സൗകര്യങ്ങളോടെ നിർമിച്ചിട്ടുള്ള ഈ എയ്റോ ലോഞ്ച്, യാത്രക്കാരോടുള്ള സിയാലിന്റെ പ്രതിബദ്ധതയുടെ ഭാഗമാണെന്നും പിണറായി വിജയൻ കൂട്ടിച്ചേർത്തു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സിയാൽ ജീവനക്കാരുടെ വകയായി ഒരു കോടി രൂപയും കാർഗോ കയറ്റിറക്ക് തൊഴിലാളി സൊസൈറ്റിയുടെ വകയായി അരലക്ഷം രൂപയും ചടങ്ങിൽ വച്ച് മുഖ്യമന്ത്രിക്ക് കൈമാറി. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സിയാൽ നേരത്തെ തന്നെ രണ്ടു കോടി രൂപ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറിയിരുന്നു.

വ്യവസായ നിയമ കയർ വകുപ്പ് മന്ത്രിയും സിയാൽ ഡയറക്ടർ ബോർഡ് അംഗവും സബ് കമ്മിറ്റി ചെയർമാനുമായ പി.രാജീവ് അധ്യക്ഷതയായിരുന്നു. ചടങ്ങിൽ സിയാൽ ഡയറക്ടർ എം. എ. യൂസഫലി ആമുഖ പ്രഭാഷണം നടത്തി.

റവന്യൂ ഭവന നിർമാണ വകുപ്പ് മന്ത്രിയും സിയാൽ ഡയറക്ടറുമായ അഡ്വ. കെ. രാജൻ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ എന്നിവർ ചടങ്ങിൽ വിശിഷ്ടാതിഥികളായി. സിയാൽ ഡയറക്ടർമാരായ ഇ. കെ. ഭരത് ഭൂഷൻ, അരുണ സുന്ദരരാജൻ, എൻ. വി. ജോർജ്, . ഇ. എം ബാബു, ഡോ. പി. മുഹമ്മദലി; ജനപ്രതിനിധികളായ അൻവർ സാദത്ത് എം.എൽ.എ,. റോജി എം.ജോൺ എം.എൽ.എ, ബെന്നി ബഹനാൻ എം.പി, ഹൈബി ഈഡൻ എം.പി, അഡ്വ. ജെബി മേത്തർ എം.പി, പങ്കെടുത്തു. സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് സ്വാഗതവും എക്സിക്യൂട്ടീവ് ഡയറക്ടറും കമ്പനി സെക്രട്ടറിയുമായ സജി കെ. ജോർജ് നന്ദിയും രേഖപ്പെടുത്തി.

## 0484 എയ്റോ ലോഞ്ച്: ആഡംബരം; കുറഞ്ഞ ചെലവിൽ

അഫോർഡബിൾ ലക്ഷറി എന്ന വിപ്ലവകരമായ ആശയത്തിൽ നിർമ്മിച്ച 0484 എയ്റോ ലോഞ്ചിലൂടെ, മിതമായ മണിക്കൂർ നിരക്കുകളിൽ പ്രീമിയം എയർപോർട്ട് ലോഞ്ച് അനുഭവമാണ് സിയാൽ ജനങ്ങൾക്കായി ഒരുക്കിയിട്ടുള്ളത്. സെക്യൂരിറ്റി ഹോൾഡ് മേഖലയ്ക്ക് പുറത്തായി, ബിസിനസ് ജെറ്റ് ടെർമിനൽ സ്ഥിതി ചെയ്യുന്ന ടെർമിനൽ 2 വിനോട് ചേർന്ന് തന്നെ ഒരുക്കിയിട്ടുള്ള ഈ ലോഞ്ച്, യാത്രക്കാർക്കും സന്ദർശകർക്കും ഒരുപോലെ ഉപയുക്തമാക്കാനാകും. എറണാകുളത്തിന്റെ എസ്.ടി.ഡി കോഡിൽ നിന്ന് പ്രചോദനമുൾക്കൊണ്ടാണ് ഇതിന്റെ നാമകരണം. അകച്ചമയങ്ങളിൽ കേരളത്തിന്റെ പ്രകൃതിലാവണ്യം. കായലും വള്ളവും സസ്യജാലങ്ങളും രൂപകൽപ്പനയിൽ തിടമ്പേറ്റുന്നു. 50,000 ചതുരശ്ര അടിയിലായി 37 മുറികൾ, 4 സ്യൂട്ടുകൾ, 3 ബോർഡ് റൂമുകൾ, 2 കോൺഫറൻസ് ഹാളുകൾ, ഒരു കോവർക്കിംഗ് സ്പേസ്, ജിം, സ്പാ, ലൈബ്രറി, റെസ്റ്റോറന്റ് എന്നിവയെല്ലാം ഈ ലോഞ്ചിലുണ്ട്.ഒക്ടോബറിൽ ഉദ്ഘാടനം ചെയ്ത ഏഴ് മെഗാ പദ്ധതികളിൽ മൂന്നെണ്ണം ഇതിനോടകം പ്രവർത്തനം തുടങ്ങി. നാലാമത്തെ മെഗാ പദ്ധതിയായ 0484 ആണ് ഇന്നത്തെ ഉദ്ഘാടനത്തോടെ പ്രവർത്തന സജ്ജമാവുന്നത്. നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അന്താരാഷ്ട്ര ടെർമിനൽ വികസനം, കൂടുതൽ ഫുഡ് കോർട്ടുകളുടെയും ലോഞ്ചുകളുടെയും നിർമാണം, ശുചിമുറികളുടെ നവീകരണം എന്നിവ അതിവേഗം പുരോഗമിക്കുന്നു. യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ ആഗോള നിലവാരത്തിലുള്ള വിമാനത്താവള അനുഭവം ഒരുക്കാൻ പുതിയ പദ്ധതികളുമായി സിയാൽ ഉയരങ്ങളിലേക്ക് കുതിക്കുകയാണ്.

---

# കലയെ വിദ്വേഷ പ്രചരണത്തിന് ഉപയോഗിക്കുന്ന അവസ്ഥയുണ്ടെന്ന് മുഖ്യമന്ത്രി

**കൊച്ചി:** വിശ്രുത കലാകാരനായ എ രാമചന്ദ്രനെപ്പോലുള്ളവർ മുന്നോട്ടുവെച്ച മാനവികതയുടേയും പാരിസ്ഥിതിക സന്തുലിതാവസ്ഥയുടേയും കലാദർശനങ്ങൾ പൊതുജനങ്ങൾക്ക് പകർന്നു നൽകണമെന്ന് സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയൻ. കലയെ വിദ്വേഷ പ്രചരണത്തിന് ഉപയോഗിക്കുന്ന അവസ്ഥയുണ്ടെന്ന് മനസ്സിലാക്കുന്നതുകൊണ്ടാണ് ഇത് പറയേണ്ടി വരുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. കൊച്ചിയിൽ കേരള ലളിതകലാ അക്കാദമിയുടെ ദർബാർ ഹാൾ കലാകേന്ദ്രത്തിൽ എ രാമചന്ദ്രൻ വിഷ്വൽ കൾച്ചറൽ ലാബ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഭാരതീയവും ആഗോളവുമായ കലാപാരമ്പര്യങ്ങളെ തന്റെ സൃഷ്ടികളിലൂടെയും കലാപ്രവർത്തനങ്ങളിലൂടെയും ആധുനിക



കാലവുമായി ഇണക്കിയ കലാകാരനായിരുന്നു രാമചന്ദ്രനെന്നും മുഖ്യമന്ത്രി അനുസ്മരിച്ചു. രാമചന്ദ്രന്റെ സ്വകാര്യ പുസ്തകശേഖരവും അവാർഡുകളും സ്മരണികകളുമുൾപ്പെട്ട വിഷ്വൽ കൾച്ചറൽ ലാബ് പുതിയ തലമുറയ്ക്ക് ഏറെ ഉപകാരപ്പെടുമെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചു.

രാമചന്ദ്രന്റെ 300 കോടി രൂപയിലേറെ മതിക്കുന്ന ചിത്രങ്ങളും ശിൽപ്പങ്ങളുമുൾപ്പെട്ട കലാകേന്ദ്രം കൊല്ലത്തെ ശ്രീ നാരായണ ഗുരു സാംസ്കാരിക കേന്ദ്രത്തിൽ വൈകാതെ തുറക്കുമെന്ന് അധ്യക്ഷ പ്രസംഗത്തിൽ സാംസ്കാരിക വകുപ്പുമന്ത്രി സജി ചെറിയാൻ പറഞ്ഞു. കെട്ടിട നിർമാണം പുരോഗമിക്കുകയാണ്. ഇതിന്റെ ധാരണാപത്രവും ഉടൻ ഒപ്പിടും, മന്ത്രി പറഞ്ഞു.

വ്യവസായ മന്ത്രി പി രാജീവ് വിശിഷ്ടാതിഥിയായ ചടങ്ങിൽ ഹൈബി ഈഡൻ എംപി, ടി ജെ വിനോദ് എംഎൽഎ, കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ, മുൻ മന്ത്രി എം എ ബേബി, രാമചന്ദ്രന്റെ മക്കളായ രാഹുൽ, സുജാത, ലളിതകലാ അക്കാദമി ചെയർമാൻ മുരളി ചീരോത്ത്, സെക്രട്ടറി എൻ ബാലമുരളീകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

# പി.ജി. മെഡിക്കൽ പ്രവേശനം: സർട്ടിഫിക്കറ്റുകൾ കരുതണം

**തിരുവനന്തപുരം:** 2024 ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ ഉടൻ ആരംഭിക്കും. പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്ന സംവരണ വിഭാഗത്തിലെ വിദ്യാർഥികൾ സംവരണ ആനുകൂല്യം ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ മുൻകൂട്ടി വാങ്ങി സൂക്ഷിക്കണം. കൃത്യമായ സമയത്ത് ഓൺലൈൻ അപേക്ഷയോടൊപ്പം ഇവ അപ്ലോഡ് ചെയ്യണം. പട്ടികജാതി / പട്ടികവർഗ വിഭാഗങ്ങൾ തഹസീൽദാർ നൽകുന്ന സർട്ടിഫിക്കറ്റ്, എസ്ഇബിസി / ഒഇസി വിഭാഗക്കാർ കേരള സർക്കാർ പഠനാവശ്യങ്ങൾക്കായി നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്ന വിദ്യാഭ്യാസ / ഫീസ് ആനുകൂല്യങ്ങൾക്ക് വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റിൽ ജനന സ്ഥലം രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ നേറ്റിവിറ്റി തെളിയിക്കുന്നതിനായി വില്ലേജ് ഓഫീസർ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ് (ഇതിൽ ജനന സ്ഥലം രേഖപ്പെടുത്തിയിരിക്കണം), മൈനോറിറ്റി ക്വാട്ടാ സീറ്റിലേക്ക് പരിഗണിക്കുന്നതിനായി എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ ജാതി / സമുദായം രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന ജാതി / സമുദായ സർട്ടിഫിക്കറ്റ് തുടങ്ങിയവ കരുതണം. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in, ഹെൽപ് ലൈൻ നമ്പർ: 0471 2525300.

# ഡിജിറ്റൽ പെയ്മെന്റ് അവതരിപ്പിച്ച് എൻപിസിഐ പവിലിയൻ

**കൊച്ചി:** മുംബൈയിൽ നടക്കുന്ന ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിലെ നാഷണൽ പെയ്മെൻറ്സ് കോർപറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ) പവിലിയൻ ഡിജിറ്റൽ പെയ്മെൻറ് രംഗത്തു ഭാവിയിൽ സംഭവിക്കാനിരിക്കുന്ന മാറ്റങ്ങളും കണ്ടുപിടുത്തങ്ങളും അവതരിപ്പിച്ചു കൊണ്ട് ശ്രദ്ധേയമാകുന്നു. നിർമിതബുദ്ധി, എല്ലാവരേയും ഉൾപ്പെടുത്തൽ, പുതുമകൾ എന്നിവയുടെ അടിസ്ഥാനത്തിൽ അടുത്ത ദശാബ്ദത്തിൽ സംഭവിക്കുന്നവയുടെ രൂപരേഖയാണ് ഇവിടെ എൻപിസിഐ അവതരിപ്പിക്കുന്നത്. സാമ്പത്തിക രംഗത്തെ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട് എൻപിസിഐ നടത്തുന്ന നീക്കങ്ങളും പവിലിയൻറെ ഓരോ വിഭാഗങ്ങളിലും വ്യക്തമാക്കുന്നുണ്ട്.

യുപിഐ രംഗത്തെ മാറ്റങ്ങൾ, ഭീം ആപ് ഉൾപ്പെടെയുള്ളവയുടെ സവിശേഷതകൾ, യുപിഐ എടിഎം തുടങ്ങിയവയാണ് യുപിഐ വിഭാഗത്തിലെ സവിശേഷതകൾ. റുപെ വഴിയുള്ള പ്രത്യേക നേട്ടങ്ങൾ സവിശേഷതകൾ തുടങ്ങിയവ വിവരിക്കുന്ന പ്രത്യേക വിഭാഗവും പവിലിയനിലുണ്ട്. പരമ്പരാഗത കാർഡുകൾ ഇല്ലാതെയുള്ള പണമടക്കൽ രീതികൾ, റുപെ ഓൺ ദി ഗോ തുടങ്ങിയവ അനുഭവിക്കാൻ ഇവിടെയെത്തുന്നവർക്ക് അവസരം ലഭിക്കും. എൻപിസിഐ ഭാരത് ബിൽ പെ, എൻപിസിഐ ഇൻറർനാഷണൽ സോൺ തുടങ്ങിയവയാണ് മറ്റു പ്രധാന വിഭാഗങ്ങൾ.

# ഉത്രട്ടാതി ജലമേള ഒരുക്കങ്ങൾ തുടങ്ങി

**കോഴഞ്ചേരി :** ഉത്രട്ടാതി ജലമേളയുടെ സുഗമമായ നടത്തിപ്പിനായി പള്ളിയോട സേവാസംഘത്തിന്റെ നേതൃത്വത്തിൽ ഒരുക്കങ്ങൾ ആരംഭിച്ചു. പാരമ്പര്യത്തനിമയ്ക്കും സുരക്ഷയ്ക്കും ഊന്നൽ നൽകി ജലമേള വർണാഭമാക്കാനാണ് പള്ളിയോട സേവാസംഘം തയ്യാറെടുക്കുന്നത്.



മത്സരവള്ളംകളിക്കായി നദിയിലെ മണൽപ്പുറ്റുകൾ നീക്കം ചെയ്യും. ഉത്രട്ടാതി ദിനത്തിന് ഒരാഴ്ച മുൻപ് നദിയിലെ ജലനിരപ്പ്കൂടി പരിഗണിച്ചാണ് മണൽപ്പുറ്റുകൾ നീക്കം ചെയ്ത് ട്രാക്ക് സജ്ജമാക്കുന്നത്. ആവശ്യമായി വന്നാൽ ഡാമുകൾ തുറന്നുവിട്ട് വെള്ളം ക്രമീകരിക്കും. ഇതിനായി ജലവിഭവ വകുപ്പ് മന്ത്രിയുമായി പള്ളിയോട സേവാസംഘം പ്രതിനിധികൾ ചർച്ച നടത്തി. മന്നം ട്രോഫിയ്ക്കും ആർ.ശങ്കർ സുവർണ ട്രോഫിയ്ക്കുമായി റാന്നി ഇടക്കുളം മുതൽ ചെന്നിത്തല വരെയുള്ള പള്ളിയോടകരകളിലെ 52 പള്ളിയോടങ്ങളാണ് മത്സര വള്ളംകളിയിൽ പങ്കെടുക്കുന്നത്.ആചാരത്തനിമയിൽ മങ്ങാട്ട് ഇല്ലത്തുനിന്ന് ആറന്മുള ക്ഷേത്രത്തിലേക്ക് ഓണക്കാഴ്ചയുമായി പമ്പയിലൂടെ വന്ന മങ്ങാട്ട് ഭട്ടതിരിയെ അക്രമികളിൽ നിന്ന് സംരക്ഷിക്കുന്നതിനായി കരക്കാർ വള്ളങ്ങളിൽ തിരുവോണത്തോണിക്ക് അകമ്പടി വന്നതിന്റെ ഓർമ്മ പുതുക്കുന്നതാണ് ആറൻമുള വള്ളംകളിയുടെ ഐതീഹ്യം. വെള്ളമുണ്ടും തലയിൽ കെട്ടുമായി വള്ളപ്പാട്ടുപാടി ആചാരത്തനിമയിൽ പള്ളിയോടങ്ങളിൽ കരക്കാർ പമ്പയിലൂടെ എത്തുന്നു. ആറന്മുളേശൻ പള്ളിയോടത്തിൽ കുടികൊള്ളുന്നു എന്ന വിശ്വാസമാണ് ഭക്തർക്കും പള്ളിയോട കരകൾക്കുമുള്ളത്.

# കെസിബിസി പ്രൊഫഷണൽ നാടക മേള സെപ്റ്റംബർ 23 മുതൽ

**കൊച്ചി:** കെസിബിസി അഖില കേരള പ്രൊഫഷണൽ നാടക മേള സെപ്റ്റംബർ 23 മുതൽ 30 വരെ പാലാരിവട്ടം പി ഒ സി യിൽ നടക്കുമെന്ന് കെസിബിസി മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ എബ്രഹാം ഇരിമ്പിനിക്കൽ അറിയിച്ചു.

സെപ്റ്റംബർ 23 ന് വൈകുന്നേരം 5.30 ന് നടക്കുന്ന സമ്മേളനത്തിൽ നാടകമേള ഉദ്ഘാടനം ചെയ്യും.തുടർന്ന് ആദ്യ മത്സരനാടകം അരങ്ങേറും.തിരുവനന്തപുരം സാഹിതിയുടെ 'മുച്ചീട്ടു കളിക്കാരന്റെ മകൾ', ആലപ്പുഴ സൂര്യകാന്തിയുടെ 'കല്യാണം', അമ്പലപ്പുഴ അക്ഷരജ്വാലയുടെ 'അനന്തരം', കൊല്ലം അനശ്വരയുടെ 'അന്നാ ഗാരേജ്', കോഴിക്കോട് സങ്കീർത്തനയുടെ 'വെളിച്ചം', കൊല്ലം കാളിദാസ കലാകേന്ദ്രയുടെ 'അച്ഛൻ', കൊച്ചിൻ ചന്ദ്രകാന്തയുടെ 'ഉത്തമന്റെ സങ്കീർത്തനം', എന്നീ നാടകങ്ങൾ മത്സര വിഭാഗത്തിൽ അവതരിപ്പിക്കും. സെപ്റ്റംബർ 30 ന് സമ്മാനദാനം, തുടർന്ന് കൊല്ലം ഗാന്ധിഭവന്റെ 'യാത്ര' എന്ന നാടകം അരങ്ങേറും.



തായ്‌ലൻഡിലെ ബാങ്കോക്ക് പാലസ് ഹോട്ടലിൽ നടന്ന ടൂറിസം സമ്മിറ്റിൽ പങ്കെടുക്കാനെത്തിയ എം.കെ.ടി.എ ഭാരവാഹികൾ ടി.എ.ടി സൗത്ത് ഏഷ്യൻ ആൻഡ് സൗത്ത് പസഫിക് മാർക്കറ്റിംഗ് ഡിവിഷൻ ഡയറക്ടർ നട്ടാച്ചിറ്റ് ഓൻസിയാമിനൊപ്പം

# തായ്‌ലൻഡ് ടൂറിസം വികസനത്തിന് ടൂറിസം അതോറിറ്റി ഓഫ് തായ്‌ലൻഡും എം.കെ.ടി.എ യുമായി ധാരണ

**കൊച്ചി:** പുതിയ ഡെസ്റ്റിനേഷൻ പ്രചാരണത്തിന് തായ്‌ലൻഡ് ടൂറിസം അതോറിറ്റിയുമായി കൈകോർത്ത് കേരളത്തിലെ ടൂർ ഓപ്പറേറ്റർമാർ. തായ്‌ലൻഡിലെ ബാങ്കോക്ക് പാലസ് ഹോട്ടലിൽ നടന്ന സമ്മിറ്റിൽ ടൂറിസം അതോറിറ്റി ഓഫ് തായ്‌ലന്റ് (ടി.എ.ടി) ന്റെ സൗത്ത് ഏഷ്യൻ ആൻഡ് സൗത്ത് പസഫിക് മാർക്കറ്റിംഗ് ഡിവിഷൻ ഡയറക്ടർ നട്ടാച്ചിറ്റ് ഓൻസിയായുമായി കേരളത്തിലെ ടൂർ ഓപ്പറേറ്റർമാരുടെ സംഘടനയായ മൈ കേരള ടൂറിസം അസോസിയേഷൻ (എം.കെ.ടി.എ) ധാരണയായി.ബാങ്കോക്കിൽ നിന്നും 300 കിലോമീറ്റർ മാറിയുള്ള കാഞ്ചനബുരി എന്ന സ്ഥലത്തിന്റെ ടൂറിസം വികസനത്തിനാണ് ധാരണ. രണ്ടാംലോക മഹായുദ്ധത്തിന്റെ ചരിത്ര സ്മാരകങ്ങളും കാടിന്റെ വശ്യസൗന്ദര്യവും ട്രൈബൽ സമൂഹത്തിന്റെ വൈവിധ്യ സംസ്കാരങ്ങളുമൊക്കെ ഇടകലർന്ന കാഞ്ചനബുരി കേരളത്തിൽ നിന്നുള്ള വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കുന്നതാണെന്ന് ബെസ്റ്റ് ഏഷ്യാ ഡി.എം.സി തായ്‌ലന്റ് മാനേജിംഗ് ഡയറക്ടർ എം.സി. ചിൻസ് പറഞ്ഞു.കേരളത്തിൽ നിന്ന് 50 ടൂർ ഓപ്പറേറ്റർമാരാണ് രണ്ട് ദിവസമായി നടന്ന സമ്മിറ്റിൽ പങ്കെടുത്തത്. എം.കെ.ടി.എ പ്രസിഡന്റ് അനി ഹനീഫ്, സെക്രട്ടറി ദിലീപ് കുമാർ, രക്ഷാധികാരി രവികുമാർ, ട്രഷറർ കെ.ആർ. ആനന്ദ് എന്നിവർ യാത്രയ്ക്ക് നേതൃത്വം നൽകി.

# ഓഹരി വിപണി നിക്ഷേപം: ബോധവൽക്കരണ സെമിനാർ നടത്തി

**കോഴിക്കോട്:** ഓഹരി വിപണി നിക്ഷേപവുമായി ബന്ധപ്പെട്ട ബോധവൽക്കരണത്തിന്റെ ഭാഗമായി സെമിനാർ നടത്തി. സെക്യൂരിറ്റീസ് ആന്റ് എക്സേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി)യുടെയും സിഡിഎസ്എലിന്റെയും സഹകരണത്തോടെയാണ് മാർക്കറ്റ് ജേർണി കോഴിക്കോടും ആലീസ് ബ്ലൂവും സംയുക്തമായി സെമിനാർ സംഘടിപ്പിച്ചത്. ഇൻവെസ്റ്റേഴ്സ് അവെയർനെസ് പ്രോഗ്രാം എന്ന പേരിൽ സംഘടിപ്പിച്ച സെമിനാർ സിഡിഎസ്എൽ റിസോഴ്സ് പേഴ്സൺ എൻ.പി രാജീവ് ഉദ്ഘാടനം ചെയ്തു. മാർക്കറ്റ് ജേർണി കോഴിക്കോട് ഡിസ്ട്രിക്ട് ഹെഡ് ടി ആർ വിജേഷ് അധ്യക്ഷത വഹിച്ചു. ആലീസ് ബ്ലൂ വൈസ് പ്രസിഡന്റ് കെ.എ അനിൽ കുമാർ മുഖ്യ പ്രഭാഷണം നടത്തി. പി.സി ഷംസീർ,തസ്ബിന ജമാൽ സംസാരിച്ചു. ടിഎം ഷാബിർ, ടി.എം ഷമീർ, മാർക്കറ്റ് ജേർണി സിഇഒ അബ്ദുൽ അഹദ്, പ്രൊമോട്ടർ പി.ജംഷീദ് തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു.



# കയറ്റുമതി ഇറക്കുമതി നടപടി ക്രമങ്ങൾ: ശിൽപശാല നടത്തും

**കൊച്ചി:** എം.എസ്.എം.ഇ മേഖലയിലെ കയറ്റുമതി ഇറക്കുമതി നടപടിക്രമങ്ങളെക്കുറിച്ച് സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് മൂന്ന് ദിവസത്തെ ശിൽപശാല സംഘടിപ്പിക്കും. സെപ്റ്റംബർ 9 മുതൽ 11 വരെ കളമശേരിയിലെ ക്യാമ്പസിലാണ് പരിശീലനം. എം.എസ്.എം.ഇ മേഖലയിലെ സംരംഭകർ/ സംരംഭകർ ആകാൻ ആഗ്രഹിക്കുന്നവർ എന്നിവർക്ക് പങ്കെടുക്കാം. താത്പര്യമുള്ളവർ ഓൺലൈനായി http://kied.infot/raining-calender/ ൽ 7നകം അപേക്ഷിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക്: 04842532890, 04842550322, 9188922785.

# ഗൗരി ലങ്കേഷ് സ്മൃതിദിന അനുസ്മരണ സമ്മേളനം 8 ന്

**ആലുവ :** മാധ്യമ പ്രവർത്തകയും ആക്ടിവിസ്റ്റുമായിരുന്ന ഗൗരി ലങ്കേഷിന്റെ ഏഴാമത് ചരമവാർഷികത്തോടനുബന്ധിച്ച് ഗ്രാംഷി സാംസ്കാരിക പഠനകേന്ദ്രം സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ എട്ടിന് രാവിലെ 10 ന് ആലുവ അന്നപൂർണ്ണ ഹാളിൽ അനുസ്മരണ സമ്മേളനം സംഘടിപ്പിക്കും. എഴുത്തുകാരൻ ഗ്രാംഷി ഡയറക്ടർ എസ് അജയകുമാർ മുഖ്യപ്രഭാഷണം നടത്തും. സംസ്ഥാന പ്രസിഡന്റ് സത്യനാരായണൻ അധ്യക്ഷത വഹിക്കും. കാലടി സർവകലാശാല അസി പ്രൊഫസർ ഷർമിള ആർ, ഗ്രാംഷി ജനറൽ സെക്രട്ടറി ബിനുകുമാർ ആർ, പത്രപ്രവർത്തകൻ ഷാജി ഇടപ്പള്ളി, സാഹിത്യകാരി ദീപിക രഘുനാഥ് എന്നിവർ സംസാരിക്കും. ജില്ലാ സെക്രട്ടറി സുരേന്ദ്രൻ വി എൻ, സ്വാഗതവും ജില്ലാ പ്രസിഡന്റ് ശിവൻ വാട്ടേക്കുന്നം നന്ദിയും പറയും

# ടെക്ടെയിൻമന്റ് സ്റ്റാർട്ടപ്പ് ഭൂഷൺസ് ജൂനിയർ ആഫ്രിക്ക ഭൂഖണ്ഡത്തിലേക്കും

**കൊച്ചി:** ഇൻഫോപാർക്കിൽ പ്രവർത്തിക്കുന്ന ടെക്ടെയിൻമൻറ്(ടെക്നോളജി എൻറർടെയിൻമൻറ്) സ്റ്റാർട്ടപ്പായ ഭൂഷൺസ് ജൂനിയർ ആഫ്രിക്കയിലേക്കും സേവനം വ്യാപിപ്പിക്കുന്നു. ആഫ്രിക്കയിലെ പ്രമുഖ ഒടിടി പ്ലാറ്റ്ഫോമായ വൈഫ്ളിക്സുമായുമാണ് ഭൂഷൺസ് അനിമേഷൻ കരാറിലേർപ്പെട്ടത്.വെറും അനിമേഷനിലൂടെ മാത്രം ഈ രംഗത്ത് പിടിച്ച് നിൽക്കാനാവില്ലെന്ന് തിരിച്ചറിവിലൂടെയാണ് ഭൂഷൺസ് ജൂനിയർ സ്ഥാപകനായ ശരത് ഭൂഷണും സഹസ്ഥാപകൻ ജോസഫ് പാണിക്കുളവും ടെക്ടെയിൻമൻറ് എന്ന വിഭാഗത്തെക്കുറിച്ച് ആലോചിക്കുന്നത്. അങ്ങിനെ കാർട്ടൂൺ മാത്രമല്ല, അതിനൊപ്പം എവിജിസി(ഓഡിയോവിഷ്വ ഗെയിമിംഗ്കോമിക്സ്), ത്രിഡി അനിമേഷൻ, ഗെയിമിംഗ്, പാട്ടുകൾ, റോബോട്ടിക് കളിപ്പാട്ടങ്ങൾ തുടങ്ങിയവയെല്ലാം ഒരു കുടക്കീഴിൽ കൊണ്ടു വരുന്ന സ്റ്റാർട്ടപ്പിനെക്കുറിച്ചാലോചിച്ചത്.

2021 ആരംഭിച്ച ഭൂഷൺസ് ജൂനിയറിന് പ്രീ സീഡ് നിക്ഷേപ റൗണ്ടിൽ നിന്ന് തന്നെ രണ്ട് കോടി പത്തു ലക്ഷം രൂപ നിക്ഷേപം സമാഹരിക്കാൻ സാധിച്ചുവെന്ന് ശരത് ഭൂഷൺ പറഞ്ഞു. സീഡ് റൗണ്ട് ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്.

ആശാവഹമായ പ്രതികരണമാണ് നിക്ഷേപകരിൽ നിന്നുണ്ടാകുന്നതെന്നും അദ്ദേഹം പറഞ്ഞു.ഇൻഫോപാർക്കിലെ വിസ്മയ കെട്ടിടത്തിലെ ടെക്നോളജി ബിസിനസ് സെൻററിലാണ് ഭൂഷൺസ് ജൂനിയർ പ്രവർത്തിക്കുന്നത്. ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട ടെക്നോളജി പാർക്കായ ഇൻഫോപാർക്കിലെ വിലാസം കമ്പനിയുടെ വാണിജ്യ സഹകരണത്തിലും പങ്കാളിത്തത്തിലും ഏറെ സഹായിച്ചിട്ടുണ്ടെന്നും ശരത് ഭൂഷൺ പറഞ്ഞു.

വയാകോം 18, ഷേമാറോ, ഹംഗാമ, പേട്രിയോൺ, ജിയോയുടെ വിവിധ പ്ലാറ്റ്ഫോമുകൾ, യൂട്യൂബ്, റംബിൾ എന്നിവയിൽ കാർട്ടൂണുകളും അനിമേഷനും ലഭ്യമാണ്.

ഇതുകൂടാതെ റിലയൻസ് ജിയോ, വയാകോം 18, ഹംഗാമ, ഷേമാറോ തുടങ്ങിയവർ ഭൂഷൺസ് ജൂനിയറിൻറെ വാണിജ്യ പങ്കാളി കൂടിയാണ്.

# ഫാൽക്കൺ ഫോറെക്സ് കാർഡ് പുറത്തിറക്കി കൊട്ടക്

**കൊച്ചി:** ഇന്ത്യയിൽ നിന്നും യുണൈറ്റഡ് അറബ് എമിറേറ്റ്സ് (യു.എ.ഇ)യിലേക്ക് യാത്രചെയ്യുന്നവരുടെ ഇന്ത്യക്കാരുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ യാത്രികർക്കായി ഒരു സിംഗിൾ കറൻസി പ്രീപെയ്ഡ് ഫോറെക്സ് കാർഡ് അവതരിപ്പിച്ച് കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ് (കെ.എം.ബി.എൽ/കൊട്ടക്).

കൊട്ടക് ഫാൽക്കൺ കാർഡ് എന്ന പേരിൽ പുറത്തിറക്കിയിരിക്കുന്ന കാർഡ് സുരക്ഷിതവും ഉപയോഗിക്കാൻ സൗകര്യപ്രദവുമാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഓഫറുകൾ വഴി ലാഭമുണ്ടാക്കാനുള്ള സൗകര്യവും യാത്രികരായ ഇന്ത്യക്കാർക്ക് കാർഡ് ഒരുക്കുന്നു.യു.എ.ഇയിലെ പേയ്മെന്റുകൾക്കായി കൊട്ടക് ഫാൽക്കൺ കാർഡ് ഉപയോഗിക്കുന്ന യാത്രക്കാർക്ക് 100ലധികം വിനോദസഞ്ചാര കേന്ദ്രങ്ങൾ, അഡ്വെഞ്ചർ സ്പോർട്ട്സ്, ഷോപ്പിങ്ങ്, ഡൈനിങ്ങ്, തുടങ്ങിയ അതുല്യമായ അനുഭവങ്ങൾക്ക് ഉടനടി ഡിസ്കൗണ്ട് ലഭിക്കും.

കോംപ്ലിമെന്ററി ഇൻഷുറൻസ് പരിരക്ഷ, 24*7 റീഡോഡ് സർവീസ്, തൽക്ഷണ റീഫണ്ട്, തടസമില്ലാതെ കാർഡ് മാറ്റിവാങ്ങൽ തുടങ്ങിയ അധിക ആനുകൂല്യങ്ങളും ഇതിന് പുറമേ ലഭ്യമാകുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.മുംബൈയിൽ നടന്ന ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൽ വെച്ച് കൊട്ടക് മഹീന്ദ്ര ബാങ്ക് ഹെഡ് അഫ്ളുവന്റ്, എൻ.ആർ.ഐ, ബിസിനസ് ബാങ്കിങ് ആൻഡ് ചീഫ് മാർക്കറ്റിംഗ് ഓഫീസർ രോഹിത് ഭാസിൻ, മെർക്കുറി പേയ്മെന്റ് സർവീസസ് സി.ഇ.ഒ മുസാഫർ ഹമീദ്, എൻ.പി.സി.ഐയിലെ പ്രമുഖർ തുടങ്ങിയവർ ചേർന്ന് കൊട്ടക് ഫാൽക്കൺ കാർഡ് അവതരിപ്പിച്ചു.

# സ്കൂളുകളിലെ 185114 ഹൈടെക് ഉപകരണങ്ങൾക്കും കൈറ്റ് എ.എം.സി ഏർപ്പെടുത്തി

**കൊച്ചി:** ഹൈടെക് ലാബ് പദ്ധതി പ്രകാരം 2019ൽ സർക്കാർഎയ്ഡഡ് മേഖലകളിലെ 11226 പ്രൈമറിഅപ്പർ പ്രൈമറി വിഭാഗം സ്കൂളുകളിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) വിന്യസിച്ച 79571 ഹൈടെക് ഉപകരണങ്ങൾക്ക് എ.എം.സി. നിലവിൽ വന്നു. 2018 19 കാലയളവിൽ ഹൈസ്ക്കൂൾ, ഹയർ സെക്കന്ററിവൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലെ സർക്കാർഎയ്ഡഡ് സ്കൂളുകളിലെ 62677 ലാപ്ടോപ്പുകൾക്കും 42866 പ്രൊജക്ടറുകൾക്കും 2023 ഏപ്രിൽ മുതൽ കൈറ്റ് എ.എം.സി. ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ പൊതു വിദ്യാലയങ്ങളിലെ 118082 ലാപ്ടോപ്പുകളും 67032 പ്രോജെക്ടറുകളും ഉൾപ്പടെ 185114 ഹൈടെക് ഉപകരണങ്ങളും എ എം സി യുടെ പരിധിയിലായി.

എ.എം.സി. കാലയളവിൽ ഹാർഡ്വെയർ പരാതികൾ ഉണ്ടായാൽ www.kite.kerala.gov.in/support എന്ന പുതിയ പോർട്ടലിൽ പ്രഥമാധ്യാപകർ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്ന പരാതികൾ നിശ്ചിത ദിവസത്തിനുള്ളിൽ അറ്റൻഡ് ചെയ്തില്ലെങ്കിലും പരിഹരിച്ചില്ലെങ്കിലും കരാറുകാരൻ പിഴ നൽകണം. എ.എം.സി. പരിരക്ഷയ്ക്ക് പുറമെ പ്രകൃതി ക്ഷോഭംമൂലമുള്ള കേടുപാടുകൾ, മോഷണം തുടങ്ങിയവയ്ക്ക് ഇൻഷുറൻസ് പരിരക്ഷയും കൈറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തെ ഏറ്റവും ബൃഹത്തായ ഐ ടി ഉപകരണങ്ങൾക്കുള്ള എ എം സി / ഇൻഷുറൻസ് സ്കീം ആണിതെന്ന് കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് അറിയിച്ചു.




# കെയുഡബ്ല്യുജെ സംസ്ഥാന സമ്മേളനം: ലോഗോ ക്ഷണിക്കുന്നു

**കൊച്ചി:** കേരള പത്രപ്രവർത്തക യൂണിയൻ 60ാം സംസ്ഥാന സമ്മേളനം കൊച്ചിയിൽ നടക്കുന്ന വിവരം അറിഞ്ഞിരിക്കുമല്ലോ. സമ്മേളനത്തിനായി അംഗങ്ങളിൽ നിന്ന് ലോഗോ ക്ഷണിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ലോഗോ ആയിരിക്കും സമ്മേളനത്തിന്റെ പ്രചാരണത്തിനായി ഉപയോഗിക്കുക. മികച്ച ലോഗോയ്ക്ക് സമ്മാനവും ലഭിക്കും.

അംഗങ്ങൾ തയാറാക്കുന്ന ലോഗോ pressclubekm@gmail.com എന്ന വിലാസത്തിൽ സെപ്റ്റംബർ പത്തിന് മുൻപ് ലഭിക്കണം. സബ്ജക്റ്റ് ലൈനിൽ കെയുഡബ്ല്യുജെ ലോഗോ കോണ്ടസ്റ്റ് എന്ന് രേഖപ്പെടുത്തണം. അംഗങ്ങളുടെ പേര്, സ്ഥാപനം, ജില്ല, ഫോൺ നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തണം.ഗഡണഖ അംഗങ്ങൾക്കും അംഗങ്ങളല്ലാത്ത മാധ്യമപ്രവർത്തകർക്കും ലോഗോ അയക്കാം.

# ഇടുക്കി, ചെറുതോണി ഡാമുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കാൻ അനുമതി

**ചെറുതോണി:** ബുധനാഴ്ചകളിലും വെള്ളം തുറന്നുവിടേണ്ട ദിവസങ്ങളിലും ഒഴികെ ഇടുക്കി, ചെറുതോണി ഡാമുകൾ സന്ദർശിക്കുന്നതിന് നിബന്ധനകളോടെ പൊതുജനങ്ങൾക്ക് അനുമതി. മൂന്നു മാസത്തേക്കാണ് അനുമതി നൽകി ഉത്തരവായത്. സന്ദർശനത്തിനായി ഒരു സമയം പരമാവധി 20 പേർക്ക് മാത്രമായിരിക്കും പ്രവേശനം. ജില്ലാ കളക്ടർ മുൻപ് നടത്തിയ യോഗത്തിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ സുരക്ഷാ പ്രോട്ടോക്കോളുകളും പാലിച്ചായിരിക്കും പ്രവേശനം. ശക്തമായ മഴയുള്ള കാലാവസ്ഥ മുന്നറിയിപ്പുകൾ (ഓറഞ്ച്, റെഡ് അലെർട്ടുകൾ) നിലനിൽക്കുന്ന ദിവസങ്ങളിലും ജില്ല ദുരന്ത നിവാരണ അതോറിറ്റി വിനോദസഞ്ചാരത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്ന ദിവസങ്ങളിലും പൊതുജനങ്ങളുടെ പ്രവേശനം ഒഴിവാക്കും.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com